<u>ശ്രീ. സി. ദിവാകരൻ</u>: സർ, ...........

<u>മി. സ്പീക്കർ</u>: അടിയന്തരപ്രമേയം കഴിഞ്ഞതിനുശേഷം സംസാരിച്ചാൽ പോരെ ........ യെസ്.... യെസ്..........

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ചോദ്യോത്തരവേളയിൽ മറ്റൊന്നും ഉന്നയിക്കാൻ പാടില്ല, ശബ്ദമുണ്ടാക്കാൻ പാടില്ല എന്നൊക്കെയാണ് ചെയറിന്റെ റൂളിംഗ്. ഇന്ന് ചോദ്യോത്തരവേള ആരംഭിക്കുമ്പോൾ ആദ്യം ബഹളമുണ്ടാക്കിയത് ഭരണകക്ഷി അംഗങ്ങളാണ്. അവർ ഞങ്ങളെ ആക്ഷേപിച്ചുകൊണ്ട് ഈശ്വരപ്രാർത്ഥനയില്ലേ എന്ന് ചോദിച്ചു. പ്രതിപക്ഷത്തെ ഇത്രയും പരസ്യമായി ...............

<u>മി. സ്പീക്കർ</u>: ശ്രീ. സി. പി. മുഹമ്മദ്, അങ്ങ് ഇരിക്കണം.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ശ്രീ. സി. പി. മുഹമ്മദ്, അങ്ങേയ്ക്ക് കൊമ്പൊന്നും ഇല്ലല്ലോ. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുകയല്ലേ. അങ്ങ് ആവശ്യപ്പെട്ടാൽ ഞാൻ ഇരിക്കുമല്ലോ.

<u>മി. സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ, അങ്ങ് സംസാരിക്കണം.

ശ്രീ. സി. ദിവാകരൻ: സർ, ഈ സഭയെ അലങ്കോലപ്പെടുത്തുന്നതിൽ മുൻകൈയെടുക്കുന്നത് ഭരണകക്ഷിയിലെ എം.എൽ.എ. മാരാണെന്ന് ഇന്ന് തെളിഞ്ഞല്ലോ.

മി. സ്പീക്കർ: ഇത് സംബന്ധിച്ച് ചെയറിന് ഒരു കാര്യം പറയാനുണ്ട്. ചോദ്യോത്തര സമയത്ത് ഇത്തരത്തിൽ ശബ്ദമുണ്ടാക്കുന്നതും ബഹളമുണ്ടാക്കുന്നതും ശരിയല്ല. ഇക്കാര്യം ഭരണകക്ഷി അംഗങ്ങൾക്കും പ്രതിപക്ഷാംഗങ്ങൾക്കും ബാധകമാണ്. മുദ്രാവാക്യം വിളിക്കുന്നതും അത് സംബന്ധിച്ച് അഭിപ്രായം പറയുന്നതും ശരിയല്ല. ദയവായി ചോദ്യോത്തര സമയം ................ അങ്ങ് പറഞ്ഞ അതേ കാര്യത്തിനാണ് ചെയർ മറുപടി പറഞ്ഞത്. ചോദ്യോത്തരസമയം ചോദ്യോത്തരത്തിന് മാത്രമേ ഉപയോഗിക്കാവൂ. ആ സമയത്ത് മറ്റ് കാര്യങ്ങളൊന്നും പാടില്ല, ഭരണപക്ഷവും പ്രതിപക്ഷവും അത് ശ്രദ്ധിക്കണമെന്ന് മാത്രമേ ചെയർ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ബെന്നി ബെഹനാൻ: സർ, നിയമസഭയിൽ ഇതുപോലെ ചോദ്യോത്തരവേള അലങ്കോലപ്പെടുന്ന കാലഘട്ടമുണ്ടായിട്ടില്ല. ......(ബഹളം).........

ബഹുമാനപ്പെട്ട ദിവാകരൻ, ഞാൻ പറയട്ടെ …... ഈ സഭ സമ്മേളിച്ച അന്നുമുതൽ ഒരു സമരപരിപാടിയെപ്പോലെ ഇത് ആവർത്തിക്കുന്നത് അനുവദിക്കാൻ പാടില്ല. ഇക്കാര്യത്തിൽ കർശനമായ നിർദ്ദേശം കൊടുക്കണം.

മി. സ്പീക്കർ: അതാണ് ചെയർ പറഞ്ഞത്.

ശ്രീ. എം. എ. ബേബി: സർ, നിയമസഭാ ചട്ടങ്ങൾ പ്രകാരം സഭയ്ക്കുള്ളിൽ ഭക്ഷണപദാർത്ഥങ്ങൾ കൊണ്ടുവരാൻ പാടില്ല. നമ്മുടെ സ്പീക്കറായിരുന്ന ജി. കാർത്തികേയൻ മരിച്ചതിന്റെ ദു:ഖാചരണം നടന്നുകൊണ്ടിരിക്കുമ്പോൾ സഭയിൽ ലഡു വിതരണം നടത്തിയ ഭരണകക്ഷി അംഗങ്ങളാണ് സഭാചട്ടങ്ങളെക്കുറിച്ച് പറയുന്നത്.

മി. സ്പീക്കർ: സഭയിൽ ഭക്ഷണപദാർത്ഥങ്ങൾ കൊണ്ടുവരാൻ പാടില്ല, അത് കൊണ്ടുവന്നത് ശരിയല്ല. നിയമസഭയിലെ അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം 3(vi) -ൽ പറയുന്നത് ചോദ്യോത്തരവേളയുടെ അലംഘനീയത നിലനിർത്തണം, ചോദ്യങ്ങൾ മാത്രം ചോദിക്കുകയും അതിന് മറുപടി പറയുകയും ചെയ്യണം, അല്ലാതെ മറ്റ് കാര്യങ്ങൾക്ക് ചോദ്യോത്തരവേള ഉപയോഗിക്കുന്നത് ശരിയല്ല എന്നാണ്. എല്ലാ ബഹുമാന്യരായ അംഗങ്ങളും

ഇത് കൃത്യമായി പാലിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

**അടിയന്തരപ്രമേയം**

## വിദ്യാഭ്യാസ മേഖലയിലെ അരക്ഷിതാവസ്ഥ

മി. സ്പീക്കർ: പുതിയ അദ്ധ്യയന വർഷം ആരംഭിച്ചിട്ടും വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങളും യൂണിഫോമും വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാത്തതിനാലും സർക്കാർ സ്കൂളുകളിൽ മതിയായ അദ്ധ്യാപകരില്ലാത്തതിനാലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മാത്യു ടി. തോമസ്, ആർ. രാജേഷ്, വി.എസ്. സുനിൽ കുമാർ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സ്കൂളിലേയ്ക്കാവശ്യമായ പാഠപുസ്തകങ്ങളുടെ അച്ചടി ഗവൺമെന്റ് അധീനതയിലുള്ള കെ.ബി.പി.എസ്.(കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി)-നെ

വർഷങ്ങളായി ഏൽപ്പിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് തന്നെ അങ്ങനെയാണ് ചെയ്തുകൊണ്ടിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗതി യഥാസമയങ്ങളിൽ വിലയിരുത്തുകയും അതിന്റെ ഫലമായി സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ വിതരണം ഉറപ്പുവരുത്താനും കഴിഞ്ഞ വർഷങ്ങളിലെല്ലാം കഴിഞ്ഞിരുന്നു. നടപ്പുവർഷത്തെ പാഠപുസ്തക അച്ചടിയും കെ.ബി.പി.എസ്.-നെ തന്നെയാണ് എൽപ്പിച്ചിരുന്നത്. നടപ്പുവർഷം ഒന്നും രണ്ടും വാല്യങ്ങളിലായി **359180** പാഠപുസ്തകങ്ങളാണ് ആവശ്യമായി വരുന്നത്. അതിൽ ഒന്നാം പാദത്തിലേയ്ക്കാവശ്യമായ **23348800** പാഠപുസ്തകങ്ങളുടെ അച്ചടിക്കുള്ള ടെണ്ടറിന് പ്രിന്റ് ഓർഡർ 28-10-2014-ന് നൽകിയിരുന്നു. കഴിഞ്ഞ വർഷത്തിൽനിന്ന് വ്യത്യസ്തമായി പാഠപുസ്തകങ്ങളുടെ ഇന്നർ പേജ് 70 ജി.എസ്.എം.-നു പകരം 80 ജി.എസ്.എം -ഉം mapilitho പേപ്പറും കവർ പേപ്പർ 200 ജി.എസ്.എം. പൾപ്പ് ബോർഡിനുപകരം 200 ജി.എസ്.എം. വൈറ്റ് കാർഡായും മാറ്റുകയുണ്ടായി. ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടിയാണ് അപ്രകാരം ചെയ്തത്. എന്നാൽ ഈ

ഗുണനിലവാരമുള്ള പേപ്പർ വാങ്ങാനായി കാലതാമസമുണ്ടായതിനാൽ അച്ചടി പൂർത്തീകരിക്കുന്നതിനും കാലതാമസമുണ്ടായി. 2015 ഫെബ്രുവരി 11 മുതലാണ് പേപ്പർ സപ്ലൈ ചെയ്ത് തുടങ്ങിയത്. അതുപോലെ 1 മുതൽ 5 വരെയുള്ള പാഠപുസ്തകങ്ങളുടെ കവർ പേപ്പർ ഏപ്രിൽ ആദ്യമാണ് ലഭിച്ചുതുടങ്ങിയത്. ഇതിൽ 2, 4, 6, 8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ..........(ബഹളം)......

മി. സ്പീക്കർ: പ്ലീസ് ...... പ്ലീസ് ....... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ......... പ്ലീസ് .... പ്ലീസ്.......

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, 2, 4, 6, 8 ക്ലാസ്സുകളിലെ പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരമുള്ള പുതിയ പാഠപുസ്തകങ്ങളുടെ അച്ചടി വൈകാൻ കാരണമായി. അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കെ.ബി.പി.എസ്. മായി സമയാസമയങ്ങളിൽ ചർച്ച നടത്തിയിരുന്നു. എന്നാൽ വകുപ്പുമന്ത്രിയുടെ 29-04-2015-ലെ മീറ്റിംഗിലാണ് അച്ചടി നിർദ്ദിഷ്ട സമയമായ ജൂൺ 30-നകം പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കെ.ബി.പി.എസ്. അറിയിച്ചത്. അതിനുശേഷം വിഷയം പ്രിന്റിംഗ് വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്യുകയും

ഗവൺമെന്റ് പ്രസ്സുകളായ ഷൊർണ്ണൂർ, മണ്ണന്തല, വാഴൂർ എന്നിവിടങ്ങളിലായി അച്ചടി പൂർത്തീകരിക്കാൻ ഉത്തരവ് നൽകുകയും ചെയ്തു. ഏകദേശം 60 ലക്ഷം പുസ്തകങ്ങളാണ് ഇപ്രകാരം അച്ചടിക്കാൻ തീരുമാനിച്ചിരുന്നത്. എന്നാൽ ഗവൺമെന്റ് പ്രസ്സുകളിൽ ആവശ്യമായ വേഗത്തിൽ അച്ചടി പൂർത്തിയാക്കാൻ കഴിയില്ല എന്ന് മനസ്സിലായതിനാൽ 03-06-2015-ലെ മന്ത്രിസഭാ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും ചെയ്തു. ഷോർട്ട് റീ-ടെണ്ടർ മുഖേന അച്ചടി പൂർത്തീകരിക്കുവാണ് തീരുമാനമെടുത്തത്. എന്നാൽ ഇ-ടെണ്ടറിൽ മണിപ്പാൽ ടെക്നോളജീസ് എന്ന സ്ഥാപനം മാത്രമാണ് പങ്കെടുത്തത്. അതിനെത്തുടർന്ന് വീണ്ടും ഇ-ടെണ്ടർ വിളിക്കുവാൻ തീരുമാനിച്ചെങ്കിലും നടപടിക്രമങ്ങൾ പാലിക്കാൻ താമസമുണ്ടാകും എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കെ.ബി.പി.എസ്.-നെത്തന്നെ ഏൽപ്പിക്കുകയും ചെയ്തു. ഗവൺമെന്റ് പ്രസ്സിൽ ഏൽപ്പിച്ച 60 ലക്ഷം പുസ്തകങ്ങളിൽ 18 ലക്ഷം പുസ്തകങ്ങൾ മാത്രമാണ് അവർ അച്ചടിച്ച് നൽകിയത്. 43 ലക്ഷം പുസ്തകങ്ങൾ കെ.ബി.പി.എസ്.-നോട് വീണ്ടും അച്ചടിക്കാൻ ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ 13

ലക്ഷം പുസ്തകങ്ങളുടെ അച്ചടി ഇതിനകം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ബാക്കി 30 ലക്ഷം പുസ്തകങ്ങൾ ജൂലൈ 20-നകം പൂർത്തീകരിച്ച് സ്കൂളുകളിൽ എത്തിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അദ്ധ്യയന വർഷം ആരംഭിച്ചത് ജൂൺ മാസം 1-ാം തീയതിയാണ്. ഇന്ന് ജൂലൈ മാസം 2 ആയി. ബഹുമാനപ്പെട്ട മന്ത്രി പാഠപുസ്തകങ്ങളെ സംബന്ധിച്ച് മാത്രമാണ് പറഞ്ഞത്. ഞങ്ങളുടെ നോട്ടീസ് പാഠപുസ്തകങ്ങളെ സംബന്ധിച്ച് മാത്രമല്ല, യൂണിഫോം, സ്കൂളുകളിലെ അടിസ്ഥാന സൗകര്യം, ഉച്ചഭക്ഷണം, മതിയായ അദ്ധ്യാപകരില്ല തുടങ്ങിയവയുൾപ്പെടെ കേരളത്തിലെ 50 ലക്ഷം കുടുംബങ്ങളെ പ്രതിസന്ധിയിലാക്കുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ അടിയന്തരപ്രമേയമായി ഉന്നയിക്കാൻ ശ്രമിച്ചത്. ബാക്കി കാര്യങ്ങളെ സംബന്ധിച്ച് മന്ത്രി ഒരു വാചകത്തിൽപ്പോലും മറുപടി പറഞ്ഞിട്ടില്ല. ഒരു പ്രശ്നവും ഇല്ലെന്ന നിലപാടാണ് മന്ത്രിക്കുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മന്ത്രിസഭയിലെ ഒരു സഹപ്രവർത്തകനെപ്പറ്റി ഈ സഭയിലെ ഒരംഗമായ കെ.പി.സി.സി. ഭാരവാഹി ചോദിച്ച, അദ്ദേഹത്തിന്റെ വാക്കുകൾ കടമെടുത്ത്

ചോദിക്കുകയാണ്, ഈ മന്ത്രി ഏത് ഗ്രഹത്തിലാണ് ജീവിക്കുന്നത്, ഭൂമിയിലല്ലെന്ന് ഞങ്ങൾക്ക് മനസിലായിട്ടുണ്ട്. ഇത്രയും ഗൗരവമായൊരു വിഷയം, ബഹുമാനപ്പെട്ട ഹൈക്കോടതിപോലും ഇന്നലെ അതൃപ്തി അറിയിച്ചതിനുശേഷവും തികഞ്ഞ ലാഘവത്തോടെ കൈകാര്യം ചെയ്യാൻ ഈ മന്ത്രിക്കല്ലാതെ മറ്റാർക്കെങ്കിലും കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു ഫെയ്സ് ബുക്ക് പേജുണ്ട്. അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് മേയ് മാസം 31-ാം തീയതി 8.29 p.m-ന് അദ്ദേഹം ഫെയ്സ്ബുക്കിൽ ഒരു പോസ്റ്റിട്ടു. ഈ നാട്ടിലെ കുട്ടികൾക്ക് മുഖ്യമന്ത്രി ആശംസ നേരുന്നതിൽ ഞങ്ങൾ എതിരല്ല. 'നാളെയൊരു പുതിയ അദ്ധ്യയന വർഷം തുടങ്ങുകയാണ്. ഈ അവസരത്തിൽ കേരളത്തിലെ എല്ലാ കുഞ്ഞുങ്ങൾക്കും എന്റെ ആശംസകൾ. സംസ്ഥാനത്തെ 90 ശതമാനം സ്കൂളുകളിലും പാഠപുസ്തകങ്ങൾ എത്തിച്ചുകഴിഞ്ഞു. ബാക്കിയുള്ളവ ഒരാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്യും' എന്നായിരുന്നു മുഖ്യമന്ത്രിയുടെ ഫെയ്സ് ബുക്ക് പോസ്റ്റിംഗ്. ഇത് ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തത് മെയ് 31-നാണ്. പക്ഷേ ഇപ്പോൾ നാണക്കേട് കാരണം അത് പിൻവലിച്ചിരിക്കുകയാണ്. അത് എന്നാണ് പിൻവലിച്ചത് എന്ന്

പറയാമോ? സുതാര്യതയുള്ള ഗവൺമെന്റും മുഖ്യമന്ത്രിയുമായിരുന്നുവെങ്കിൽ അദ്ദേഹം ചെയ്യേണ്ടിയിരുന്നത്, പാഠപുസ്തകങ്ങൾ എത്തിക്കാൻ കഴിഞ്ഞില്ല, ഞങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്, ഇത്രദിവസത്തിനകം എത്തിക്കും എന്ന് ആ കുഞ്ഞുങ്ങളോട് പറയണമായിരുന്നു. അങ്ങനെ പറഞ്ഞിരുന്നെങ്കിൽ സർക്കാരിന്റെ കരുതൽ സംബന്ധിച്ച് ഞങ്ങൾക്ക് മനസിലാകുമായിരുന്നു. അതിവേഗം പ്രവർത്തിക്കുന്ന ഗവൺമെന്റല്ലേയിത്? പാഠപുസ്തകത്തിന്റെ ആവശ്യം ബോദ്ധ്യപ്പെടുന്നതിന് പ്രത്യേകസമയം ആവശ്യമില്ലല്ലോ. 2015 ജൂൺ മാസം 1-ാം തീയതി 2015-16 അദ്ധ്യയന വർഷം ആരംഭിക്കുമെന്ന് 2 വർഷം മുമ്പും അറിയാവുന്ന കാര്യമല്ലേ; അതനുസരിച്ച് കാര്യങ്ങൾ നടത്തണമെന്ന് അറിയില്ലേ? ഇവിടെ പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുന്നതിന് തകൃതി കാണിക്കുന്നു. അൺ റെക്കഗ്നൈസ്ഡ് ആയിട്ടുള്ള സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാൻ ഒരുമാന്ദ്യവും വരാറില്ല. അൺ-എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളായി മാറ്റുന്നതിനും പുതിയ സ്വകാര്യ കോളേജുകൾ ആരംഭിക്കുന്നതിനും വളരെ കൃത്യമായ സമയത്തിനുള്ളിൽ നടപടി സ്വീകരിക്കുന്നവർക്ക് എന്തുകൊണ്ടാണ് മുൻകൂട്ടി കാണാൻ കഴിയുന്ന പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച് സുവ്യക്തമായ ടൈം ഷെഡ്യൂൾ തയ്യാറാക്കി പ്രവർത്തിക്കാൻ കഴിഞ്ഞില്ലെന്നുള്ളത് വളരെ പ്രസക്തമായ ചോദ്യമാണ്. കേരള

ഹൈക്കോടതി ഇന്നലെ ഇക്കാര്യത്തിൽ അതൃപ്തി അറിയിച്ചിട്ടുണ്ട്. അത് പാഠപുസ്തകം വൈകുന്നതിൽ മാത്രമല്ല, രണ്ടാമത്തെ ദിവസമായി ഇന്നലെ കേസ് പോസ്റ്റ് ചെയ്തിട്ടും സർക്കാരിന് വിശദീകരണം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രധാനപ്പെട്ട വിഷയത്തിൽ സർക്കാർ വക്കീലിന് ഹൈക്കോടതിയിൽ ഒരു നിലപാട് പറയാൻപോലും സാവകാശം ചോദിക്കുന്ന തരത്തിലുള്ള അക്ഷന്തവ്യമായ, കുറ്റകരമായ അനാസ്ഥയാണ് വന്നിട്ടുള്ളത്. പാഠപുസ്തകങ്ങൾ അച്ചടിക്കാനും വിതരണം ചെയ്യാനും കഴിയുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി വിളിച്ചാൽ, എന്തുകൊണ്ട് ഇത്തരത്തിൽ അബദ്ധം പറ്റിയെന്ന് കോടതിയിൽ പറയാൻപോലും കഴിയാത്ത നാണംകെട്ട സമീപനമാണ് കുഞ്ഞുങ്ങളോട് ഗവൺമെന്റ് കാണിച്ചുകൊണ്ടിരിക്കുന്നത്. സ്കൂൾ തുറക്കുമ്പോൾ പുതിയ യൂണിഫോമും ബാഗും കുടയും പെൻസിൽ ബോക്സും നോട്ടുബുക്കുകളും പാഠപുസ്തകങ്ങളുമായി സ്കൂളിൽ പോകാമെന്ന് കുട്ടികൾക്ക് ഒരു സങ്കൽപ്പമുണ്ട്. വർഷം പുതിയതാകുമ്പോൾ പുത്തൻ പാഠപുസ്തങ്ങളും വേണം. ഇവിടെ ഹയർ സെക്കന്ററി ഡയറക്ടറുടെ ദേഹത്ത് കരിഓയിൽ ഒഴിച്ച ആളുകളുടെ നേതാക്കന്മാരാണല്ലോ ഉള്ളത്. ഇപ്പോൾ കുട്ടികളുടെയും രക്ഷിതാക്കളുടെയും മോഹങ്ങൾക്ക് മുകളിൽ സർക്കാർ കരിഓയിൽ ഒഴിച്ച് എല്ലാ പ്രതീക്ഷകളും മോഹങ്ങളും തകർത്തിരിക്കുകയാണ്. കെടുകാര്യസ്ഥത

വിദ്യാഭ്യാസ മേഖലയിൽ അരാജകത്വം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഓണപ്പരീക്ഷ ഓണം കഴിഞ്ഞ് നടത്താമെന്നാണ് ഇന്നലത്തെ സർക്കാർ തീരുമാനം. യൂണിഫോം എന്ന് വിതരണം ചെയ്യുമെന്ന് മാർച്ച് മാസം ആദ്യവാരം സഭയിൽ ചോദിച്ചതിന്, ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി, സ്കൂൾ അടയ്ക്കുന്നതിന് മുമ്പ് കൊടുക്കുമെന്നായിരുന്നു. ഇപ്പോൾ പാഠപുസ്തകം കൊടുക്കാൻ കഴിയാത്തതുകൊണ്ട് പരീക്ഷ തന്നെ മാറ്റിവയ്ക്കുകയാണ്. ഇതാണോ അതിവേഗം പ്രവർത്തിക്കുന്ന ഗവൺമെന്റ് ചെയ്യേണ്ടത്? പാഠപുസ്തകം അച്ചടിക്കണമെങ്കിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉണ്ടാകണം. വിദ്യാഭ്യാസം, അച്ചടി, സ്റ്റേഷണറി, ധനകാര്യം തുടങ്ങിയ വകുപ്പുകളുടെ ഏകോപനം ഉണ്ടാക്കിക്കൊടുക്കേണ്ടത് കേരളത്തിന്റെ ഭരണത്തലവനായ മുഖ്യമന്ത്രിയാണ്. ഇവിടെ നടന്ന കാര്യങ്ങൾ ഒന്ന് പരിശോധിക്കണം. ആദ്യം പാഠപുസ്തകത്തിന്റെ അച്ചടി കെ.ബി.പി.എസ്. (കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി)-നെ ഏൽപ്പിക്കുന്നു. അവർക്കത് മുഴുവൻ ചെയ്യാൻ കഴിയാത്തതുകൊണ്ട് കുറച്ചുഭാഗം ഗവൺമെന്റ് പ്രസ്സിനെ ഏൽപ്പിക്കുന്നു. രണ്ട് സ്ഥലങ്ങളിലും വീഴ്ച ഉണ്ടായപ്പോൾ പെട്ടെന്ന് ടെണ്ടർ വിളിച്ച് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്നു. ആ ടെണ്ടർ കൊടുത്തത് സംബന്ധിച്ച് പരാതി ഉണ്ടാകുന്നു. പരാതി പറഞ്ഞത്, ഐ.എൻ.റ്റി.യു.സി. നേതാക്കന്മാർ തന്നെയാണ്.

മണിപ്പാൽ ടെക്നോളജീസ് എന്ന കമ്പനിക്ക് ടെണ്ടർ കൊടുത്തത് കൂടിയ നിരക്കിലാണെന്ന് കാണിച്ച്, സോളാർ പ്രിന്റിംഗ് പ്രസ് ലോകായുക്തയെ സമീപിച്ചു. ലോകായുക്ത, ഈ ക്രമക്കേടിനെക്കുറിച്ച് അന്വേഷിക്കാൻ എ.ഡി.ജി.പി. ബി.സന്ധ്യയെ ചുമതലപ്പെടുത്തി. ഉടൻ ടെണ്ടർ ക്യാൻസൽ ചെയ്ത് റീ-ടെണ്ടർ ചെയ്യുനാനുള്ള നടപടി സർക്കാർ സ്വീകരിച്ചു. ടെണ്ടർ കിട്ടുന്നതിന് മുമ്പുതന്നെ സ്വകാര്യ പ്രസ്സിൽ അച്ചടി തുടങ്ങിയതായാണ് പത്രങ്ങളിൽ വന്ന വാർത്ത. സ്വകാര്യ പ്രസ്സിന് നൽകിയ ടെണ്ടർ ക്യാൻസൽ ചെയ്തു. റീ-ടെണ്ടർ നടത്തിയാൽ കാലതാമസം വരുമെന്നുള്ളതുകൊണ്ട് വീണ്ടും കെ.ബി.പി.എസ്. -നെ ഏൽപ്പിച്ചു. അഞ്ച് മാസമായി കെ.ബി.പി.എസ്.-നെ ഏൽപ്പിച്ചു, കുറച്ച് ഗവൺമെന്റ് പ്രസ്സിലേയ്ക്ക് നൽകി, ടെണ്ടർ വിളിച്ച് കുറഞ്ഞ നിരക്കിന് നൽകാതെ മറ്റൊന്നിന് നൽകി, ലോകായുക്ത കേസ്, ടെണ്ടർ ക്യാൻസൽ, റീ-ടെണ്ടർ ഇതെല്ലാം കഴിഞ്ഞ് 6 മാസത്തിനുശേഷം വീണ്ടും കെ.ബി.പി.എസ്.-നെ ഏൽപ്പിച്ചു. ഏകോപനമില്ലെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി 11-6-2015-ലെ മന്ത്രിസഭാ യോഗം കഴിഞ്ഞപ്പോൾ, അച്ചടി വകുപ്പുമന്ത്രിയായ എന്റെ ജ്യേഷ്ഠസഹോദരനെക്കുറിച്ച് പറഞ്ഞ വാക്കുകൾ. പാഠപുസ്തകങ്ങൾ സമയത്ത് അച്ചടിച്ച് തീരാത്തത് സാരമായ വീഴ്ചയാണെന്നും

ഇക്കാര്യം പരിശോധിക്കേണ്ടത് അച്ചടി വകുപ്പുമന്ത്രിയായ ശ്രീ. കെ.പി. മോഹനൻ ആണെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി.കെ. അബ്ദു റബ്ബ് വാർത്താ സമ്മേളനത്തിൽ പറഞ്ഞതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തു. അവിടംകൊണ്ടും തീർന്നില്ല. അച്ചടിയിൽ സംഭവിച്ച വീഴ്ചകൾ ശ്രീ. കെ.പി. മോഹനനൻ മന:പൂർവ്വം വരുത്തിയതാണോയെന്ന് അറിയില്ലെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞത്. പുസ്തക വിതരണത്തിന് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടും കാര്യമില്ല, ശ്രീ. കെ. പി. മോഹനൻ ഒന്നും ചെയ്യുന്നില്ലെന്ന തരത്തിലാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. ശ്രീ. ജോസ് തെറ്റയിലും ശ്രീമതി ജമീലാ പ്രകാശവും ശ്രീ. സി.കെ നാണുവും ഞാനും ഉൾപ്പെടെ ഇന്ന് സഭയിൽ ചോദിച്ച നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 124-ന്, ശ്രീ. കെ. പി. മോഹനൻ, നൽകിയിരിക്കുന്ന ഉത്തരം, 2015 അദ്ധ്യയന വർഷം 37315500 പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനായി 10-2-2015-ൽ കെ.ബി.പി.എസ്.-ന് പ്രിന്റ് ഓർഡർ നൽകിയിരുന്നുവെന്നാണ്. ഫെബ്രുവരി മാസം തന്നെ ഓർഡർ കൊടുത്തുവെന്നാണ് ഇന്ന് നിയമസഭയിൽ നൽകിയ മറുപടി. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്, മന:പൂർവ്വമായ വീഴ്ചയാണോയെന്ന് എനിക്കറിയില്ല, അത് ശ്രീ. കെ. പി. മോഹനനോട്

ചോദിക്കണമെന്നാണ്. ഇത്രമാത്രം അക്ഷന്തവ്യമായ, കുറ്റകരമായ വീഴ്ച രണ്ട് വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ആരുടെ ഭാവിയാണ് തുലയ്ക്കപ്പെടുന്നത്? 2015 മെയ് മാസം പുസ്തകം വിതരണം ചെയ്യണമെങ്കിൽ...... ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത്, അദ്ധ്യയന വർഷം സ്കൂൾ അടയ്ക്കുന്നതിനു മുമ്പ് 2011 മാർച്ച് മാസത്തിൽ 2011-12 അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഞാനും അച്ചടി വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. ആദ്യം പലപ്രശ്നങ്ങളും ഉണ്ടായിരുന്നു. നിരന്തരമായി വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അച്ചടി വകുപ്പുമന്ത്രിയും ചർച്ചചെയ്ത് ഘട്ടംഘട്ടമായി പ്രശ്നങ്ങൾ പരിഹരിച്ച് അവസാനം എത്തിയത്, അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ തൊട്ടുമുമ്പുള്ള അദ്ധ്യയന വർഷത്തിന്റെ അവസാന ദിവസം വിതരണം ചെയ്യുന്ന നിലയിൽ കാര്യക്ഷമമാക്കിയിടത്താണ് ഇപ്പോൾ ഫെബ്രുവരി മാസം പ്രിന്റ് ഓർഡർ കൊടുത്തുവെന്ന് അച്ചടി വകുപ്പുമന്ത്രി രേഖാമൂലം നിയമസഭയിൽ ഉത്തരം നൽകുന്നതും വീഴ്ച ഉണ്ടായത് മന:പൂർവ്വമാണോയെന്ന് എനിക്കറിയില്ല, ശ്രീ. കെ. പി. മോഹനനോട് ചോദിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നതും. ഇതിന്റെ പ്രയോജനം ആർക്കാണ്. അദ്ധ്യാപകർക്കുള്ള പുസ്തകങ്ങൾ കിട്ടിയിട്ടില്ല. അവർ എങ്ങനെയാണ് കുട്ടികളെ പഠിപ്പിക്കുന്നത്?

നെറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് പഠിപ്പിക്കണമെന്നാണോ പറയുന്നത്? കുട്ടികളെ ഒന്നര മാസമായി എന്താണ് പഠിപ്പിക്കേണ്ടതെന്ന് അദ്ധ്യാപകർക്കറിയില്ല. പുതിയ പാഠപുസ്തകങ്ങളായതുകൊണ്ട് സിലബസ് എന്താണെന്നും അറിയില്ല. കുട്ടികളുടെ സമയം മുഴുവൻ പാഴായിപ്പോവുകയാണ്. സിലബസ്സിൽ എന്തൊക്കെ ആയിരിക്കുമെന്ന് മുൻകൂട്ടി കണ്ട ചില ഗൈഡ് കമ്പനിക്കാർ ഗൈഡുകൾ ഇറക്കി ലാഭമുണ്ടാക്കി. ഇപ്പോൾ ആ ഗൈഡുകൾ ഉപയോഗിക്കുന്നതുകൊണ്ട് ഗൈഡ് കമ്പനി കൊള്ളലാഭം ഉണ്ടാക്കുകയാണ്. സർക്കാർ പ്രസ്സുകൾക്ക് സർക്കാർ തന്നെ പേപ്പർ വാങ്ങിക്കൊടുക്കുകയും ജീവനക്കാർക്ക് ശമ്പളം കൊടുക്കുകയും ചെയ്യുന്നതുകൊണ്ട് അച്ചടിയുമായി ബന്ധപ്പെട്ട് പ്രത്യേകം ചെലവ് വരുന്നില്ല. കെ.ബി.പി.എസ്. 2.50 രൂപയ്ക്ക് അച്ചടിക്കേണ്ടത് സ്വകാര്യ പ്രസ്സുകാർ 17 രൂപയ്ക്കാണ് അച്ചടിക്കുന്നത്. ഈ കൊള്ള സ്വകാര്യ പ്രസ്സുകാരെ ഏൽപ്പിക്കുന്നു, ഓർഡർ കിട്ടുന്നതിന് മുമ്പ് തന്നെ അച്ചടി ആരംഭിക്കുന്നു, കൊള്ള നടത്താൻ കാലതാമസം ഉണ്ടായ പശ്ചാത്തലത്തിൽ ഗൈഡ് കമ്പനിക്കാർ ഗൈഡുകൾ ഇറക്കി രംഗത്ത് വന്നിരിക്കുകയാണ്. ഇറങ്ങാൻ പോകുന്ന പാഠപുസ്തകങ്ങളുടെ ഉള്ളടക്കം ഗൈഡ് ലോബിക്ക് നൽകിയതാരാണ്? കൊള്ളലാഭം സ്വാകര്യ പ്രസ്സുകാർക്കും ഗൈഡുകാർക്കും ഉണ്ടാക്കാൻ 50

ലക്ഷത്തോളം കുട്ടികളെ ബലിയാടാക്കുകയാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. അതാണ് ഗൗരവമായ പ്രശ്നം. ഈ പ്രശ്നം പല മാധ്യമങ്ങളും മുൻകൂട്ടി കാണിച്ചതും ഒരു മാസംകൊണ്ട് പ്രശ്നം പരിഹരിക്കാമെന്ന് രണ്ട് മാസംമുമ്പ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിരുന്നതും പ്രായോഗിക പ്രശ്നങ്ങൾ കാരണമുണ്ടായ വീഴ്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറ്റസമ്മതം നടത്തിയതുമാണ്. ഇവിടെ സി-ആപ്റ്റ് എന്ന സംഘടനയ്ക്കാണ് പ്രിന്റിംഗ് കൊടുത്തിരിക്കുന്നത്. ഇന്നത്തെ പത്രത്തിലെ വാർത്ത ലോട്ടറി വകുപ്പിനെയും സി-ആപ്റ്റ് പറ്റിച്ചുവെന്നാണ്. 'ഖജനാവിന് നഷ്ടം കോടികൾ' എന്ന തലക്കെട്ടിൽ മംഗളം പത്രത്തിലാണ് വാർത്ത വന്നിട്ടുള്ളത്. ലോട്ടറി ടിക്കറ്റ് അച്ചടിക്കാമെന്ന് പറഞ്ഞ് പറ്റിച്ചുവെന്നാണ്. അവിടത്തെ മാനേജിംഗ് ഡയറക്ടർ അവിടെ നടത്തിയ അച്ചടിയെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നേരിടുന്ന വ്യക്തിയാണ്. കേരളത്തിലെ സ്വകാര്യ പ്രസ്സുകളുമായി ചില ചർച്ചകൾ നടത്തി അവരുമായി ധാരണയിലെത്താതെ വന്നപ്പോൾ, മണിപ്പാൽ വരെ പോയിയെന്നൊക്കെയാണ് കേൾക്കുന്നത്, പക്ഷെ വ്യക്തമായ തെളിവില്ലാത്തതുകൊണ്ട് ആരോപണമായി ഞാൻ ഉന്നയിക്കുന്നില്ല. ഈ അഴിമതിയും ക്രമക്കേടുകളും ലോകായുക്ത കണ്ടെത്തിയപ്പോൾ എ.ഡി.ജി.പി.യായ ശ്രീമതി സന്ധ്യ ഐ.പി.എസ്. ഇക്കാര്യം അന്വേഷിക്കണമെന്ന് ഉത്തരവിട്ടു.

ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത വീഴ്ചയാണ് ഇക്കാര്യത്തിൽ ഉണ്ടായതെന്നുള്ള വസ്തുത വിസ്മരിക്കരുത്. 1, 3, 5, 7, 9, 10 എന്നീ ക്ലാസ്സുകളിലെ പുസ്തകങ്ങൾക്ക് മാറ്റമില്ല. അപ്പോൾ ഈ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളെങ്കിലും നേരത്തെ അച്ചടിച്ച് നൽകിക്കൂടായിരുന്നോ? ഇവിടെ 2014 ആഗസ്റ്റ് മാസത്തിലെങ്കിലും അച്ചടി തുടങ്ങേണ്ടതായിരുന്നു. പത്രങ്ങൾ റിപ്പോർട്ട് ചെയ്തത് ഒക്ടോബർ മാസം 28-ാം തീയതിതന്നെ പുസ്തകങ്ങളുടെ അച്ചടി ഓർഡർ നൽകിയെന്നാണ്. പക്ഷെ, ബഹുമാനപ്പെട്ട അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ഇന്ന് നിയമസഭയിൽ തന്ന മറുപടി 2015 ഫെബ്രുവരിയിൽ ഓർഡർ കൊടുത്തുവെന്നാണ്. ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 2014 ഒക്ടോബറിൽ കൊടുത്തുവെങ്കിലും അന്തിമമായ ഓർഡർ കൊടുത്തത് 10-02-2015-ലാണെന്നാണ് മന്ത്രി മറുപടി തന്നിരിക്കുന്നത്. ഇതുവരെ പാഠപുസ്തകങ്ങൾ സംയുക്തമായി കെ.ബി.പി.എസ്.-ഉം ഗവൺമെന്റ് പ്രസ്സും ചേർന്നാണ് അടിച്ചിരുന്നത്. ഒരു പരാതിയുമില്ലായിരുന്നു. ഇവിടെ ഇത്തരത്തിൽ പാഠപുസ്തകങ്ങൾ അച്ചടിക്കാതിരുന്നതിന്റെ പ്രയോജനം കിട്ടിയതാർക്കാണെന്ന് വളരെ വ്യക്തമായി കഴിഞ്ഞിരിക്കുകയാണ്. ഇനിയിപ്പോൾ അച്ചടിക്കാനുള്ളത് 43 ലക്ഷം പാഠപുസ്തകങ്ങളാണെന്നാണ് മന്ത്രി പറഞ്ഞത്. 43 ലക്ഷത്തിന്റെ കണക്ക് കേൾക്കാൻ തുടങ്ങിയിട്ട് രണ്ടുമാസമായി. 43 ലക്ഷം പാഠപുസ്തകങ്ങൾ

അച്ചടിക്കുന്നതിന് എത്ര സമയം വേണം; വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള മന്ത്രിയെന്നുള്ള നിലയിൽ എന്റെ അനുഭവം പറയുകയാണ്, തെറ്റുണ്ടെങ്കിൽ ഇപ്പോഴത്തെ മന്ത്രി തിരുത്തട്ടെ, ഞാനത് തിരുത്താൻ തയ്യാറാണ്. കാരണം അന്നത്തെ അവസ്ഥ ആയിരിക്കണമെന്നില്ല ഇന്ന്. ഗവൺമെന്റ് പ്രസ്സിൽ ഒരു ദിവസം 50,000 പാഠപുസ്തകങ്ങൾ അച്ചടിക്കാം, അങ്ങനെ 14 ദിവസംകൊണ്ട് 7 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിക്കാം. കെ.ബി.പി.എസ്.-ൽ ഒരു ദിവസം 2.5 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിക്കാം, അങ്ങനെ 14 ദിവസംകൊണ്ട് 35 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിക്കാം. 14 ദിവസം കൊണ്ട് കെ.ബി.പി.എസ്.-ൽ 35 ലക്ഷവും ഗവൺമെന്റ് പ്രസിൽ 7 ലക്ഷവും പാഠപുസ്തകങ്ങൾ അച്ചടിച്ചിരുന്നവെങ്കിൽ രണ്ട് മാസംമുമ്പ്, അതായത് ഈ പ്രതിസന്ധി ഉണ്ടാകും മുമ്പെങ്കിലുമത് തീരുമാനിച്ചിരുന്നവെങ്കിൽ 43 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിക്കാൻ വെറും 14 ദിവസം മതിയാകുമായിരുന്നു. ഇപ്പോൾ രണ്ടുമാസം കഴിഞ്ഞിട്ടും ഇനി ജൂലൈ 20-ന് കിട്ടിയേക്കും, കിട്ടിയാലും പിന്നെയുമുണ്ട് പ്രശ്നം, ഇതിന്റെ പുറംചട്ട അടിക്കണം, ബൈന്റ് ചെയ്യണം, വിതരണത്തിനുള്ള സംവിധാനമുണ്ടാക്കണം. ഓണപ്പരീക്ഷ കഴിഞ്ഞാലും ഈ പാഠപുസ്തകങ്ങൾ നൽകാൻ കഴിയുമെന്ന് തോന്നുന്നില്ല. മിക്കവാറും അവധിക്കാലത്ത് വീട്ടിലിരുന്ന് വായിച്ച് പഠിച്ചോയെന്ന് പറഞ്ഞ്

വാർഷിക പരീക്ഷ കഴിഞ്ഞാലെങ്കിലും നിങ്ങളിത് കൊടുക്കാൻ തയ്യാറാകുമോ? ഇത്തരത്തിൽ വളരെ ഗൗവ്വരമേറിയ വിഷയമാണ് ഇവിടെ വന്നിരിക്കുന്നത്. കുട്ടികൾ എന്ത് നോക്കി പഠിക്കും?

മി. സ്പീക്കർ: ശ്രീ. മാത്യു റ്റി തോമസ്, അങ്ങയുടെ പ്രസംഗം ആരംഭിച്ചിട്ട് 15 മിനിട്ട് കഴിഞ്ഞു. ......... (ബഹളം)...... അതിനെന്തിനാണ് നിങ്ങൾ ബഹളമുണ്ടാക്കുന്നത്; ബഹുമാനപ്പെട്ട ഒരു അംഗം സംസാരിക്കുമ്പോൾ അദ്ദേഹം സംസാരിച്ചു തുടങ്ങിയിട്ട് 15 മിനിട്ടായി എന്നുപറയുമ്പോൾ നിങ്ങൾ ബഹളം വയ്ക്കുന്നതെന്തിനാണ്? അത് ശരിയല്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ ചുരുക്കാം. സമയം അധികമെടുത്തുവെന്ന് എനിക്കറിയാം. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് കുറച്ച് സമയംകൂടി അങ്ങ് അനുവദിക്കണം. ഞാൻ ചുരുക്കി പറയാം. ഇതാണ് പാഠപുസ്തകത്തിന്റെ സ്ഥിതി. അങ്ങയുടെ നിർദ്ദേശം പാലിച്ച് മറ്റ് കാര്യങ്ങൾ ഞാൻ ചുരുക്കുകയാണ്. യൂണിഫോമിന്റെ സ്ഥിതിയെന്തായി? കഴിഞ്ഞ അധ്യയന വർഷത്തിന്റെ കാര്യം പറഞ്ഞു, ഈ വർഷത്തെ കാര്യമെന്തായി; അടിസ്ഥാന സൗകരങ്ങൾ, 10,000 കോടി രൂപ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എസ്.എസ്.എ. വഴി ചെലവാക്കിയെന്നാണ്

പറയുന്നത്. പക്ഷെ, പൊളിഞ്ഞുവീഴാറായ കെട്ടിടങ്ങളാണ് സർക്കാർ സ്കൂളുകളിലുള്ളത്. ഒടിഞ്ഞ ബഞ്ചും ഡെസ്കുകളും ശുചിമുറിയില്ലാത്ത വിദ്യാലയങ്ങളുമാണുള്ളത്. ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനയിൽ 1789 സ്കൂളുകളിൽ ശുചിമുറികളില്ലായെന്നാണ് കണ്ടെത്തിയിരിക്കുന്നത്. വേൾഡ് ബാങ്ക് തരുന്ന എസ്.എസ്.എ. യുടെ ഫണ്ട് എവിടെയാണ് പോകുന്നത്? ഉച്ചഭക്ഷണത്തിന് ഒരു പുതിയ നിബന്ധന കൊണ്ടുവന്നിരിക്കുന്നു. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണവും പാലും മുട്ടയും നൽകിവന്നത് ഈ വർഷം മുതൽ നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചിരിക്കുന്നു. മുതിർന്ന കുട്ടികൾ അവിടെയിരുന്ന് ഉച്ചഭക്ഷണം കഴിക്കുമ്പോൾ പ്രീ-പ്രൈമറി വിദ്യാർത്ഥികൾ കണ്ടുകൊണ്ടിരിക്കുന്ന അവസ്ഥ ഗവൺമെന്റുണ്ടാക്കിയതാണ്. അധ്യാപകരില്ലാത്ത അവസ്ഥ, വിദ്യാർത്ഥി-അധ്യാപക അനുപാതം കുറയ്ക്കാൻ തയ്യാറായിട്ടില്ല. 1:45-ൽ നിൽക്കുകയാണ്. 1:30 ആക്കണം. 2012-15-ന ശേഷം അധ്യാപക തസ്തിക പുതുക്കി നിശ്ചയിച്ചിട്ടില്ല. എയ്ഡഡ് മാനേജ്മെന്റ് നടത്തുന്ന അധ്യാപക നിയമനത്തിന് അംഗീകാരമില്ല, അവർക്ക് ശമ്പളമില്ല. പ്ലസ്‌വൺ പ്രവേശനമാകെ അവതാളത്തിലായിരിക്കുന്നു. മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ് നേടിയ കുട്ടികൾക്കുപോലും രണ്ടാം അലോട്ട്മെന്റ് കഴിഞ്ഞിട്ടും അഡ്മിഷൻ കിട്ടാത്ത

അവസ്ഥയുണ്ടായിരിക്കുന്നു. അടുത്ത അലോട്ട്മെന്റ് 14-07-2015-ൽ മാത്രമാണ്. ഗൗരവമായ പ്രശ്നങ്ങളാണ്. ഉച്ചഭക്ഷണത്തിന്റെ പ്രശ്നം, പ്രവേശനത്തിന്റെ പ്രശ്നം, അടിസ്ഥാന സൗകര്യങ്ങളിലാത്തതിന്റെ പ്രശ്നം, യൂണിഫോമില്ലാത്ത പ്രശ്നം എന്നിവയ്ക്കൊക്കെ ഉപരിയായി സ്വകാര്യ പ്രസ്സുകളെ സഹായിക്കാനും അവർക്ക് കൊള്ള നടത്തുന്നതിനുംവേണ്ടി പാഠപുസ്തകത്തിന്റെ പ്രശ്നമുണ്ടാക്കി ഗൈഡ് ലോബികളെ സഹായിക്കുന്നു. പരീക്ഷകൾ അട്ടിമറിക്കപ്പെട്ടാൽ കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ വിശ്വാസ്യതയാണ് നഷ്ടപ്പെടുന്നത്. ഇവിടെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്ഥാപനങ്ങൾക്ക് കൂടുതൽ മഹത്വവും മാന്യതയും കൽപ്പിച്ചുകൊടുക്കുന്ന ഒരു നയമാണ് ഈ സർക്കാർ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. 50 ലക്ഷത്തിലധികം കുടുംബങ്ങളെ പ്രതിസന്ധിയിലാക്കിയ അവരുടെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ച ഈ സർക്കാരിന്റെ കുറ്റകരമായ അനാസ്ഥ ഈ സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് പാഠ്യപദ്ധതി പരിഷ്കരിക്കുകയും ആദ്യത്തെ വർഷം 1, 3, 5, 7,

11 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുകയും കഴിഞ്ഞവർഷംതന്നെ പുതിയ പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. 2, 4, 6, 8, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഈ വർഷം പരിഷ്കരിച്ചു, അതാണ് ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ പരിഷ്കരണം തുടങ്ങുകയാണ്, അടുത്ത അധ്യയന വർഷം അതും കൊടുക്കുകയാണ്. അതാണ് പാഠപുസ്തകങ്ങൾ വൈകാനുള്ള ഒരു കാരണം. രണ്ടാമത്തെ കാരണം ഞാൻ നേരത്തെ പറഞ്ഞു, ഇതിനുള്ള പേപ്പറുകളുടെ സ്പെസിഫിക്കേഷനും കാര്യങ്ങളും മാറ്റിയതുകൊണ്ട് വന്നിട്ടുള്ള താമസം എന്നുള്ളതാണ്. സാധാരണഗതിയിൽ കൊടുക്കുന്ന അതേ സമയത്തുതന്നെ ഇത്തവണയും കെ.ബി.പി.എസ്. -ന് ഓർഡർ നൽകുകയും അതനുസരിച്ച് അതിന്റെ റിവ്യൂ കഴിഞ്ഞ കാലങ്ങളിലൊന്നുമില്ലാത്ത രീതിയിൽ ഓരോ മാസവും അതായത് 19-08-2014-ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി യോഗം വിളിച്ചു. 28-10-2014-നും 14-01-2015-നും 31-03-2015-നും 29-04-2015-നും 21-05-2015-നും ഞാൻ യോഗം വിളിച്ചു. ഇങ്ങനെ ഓരോ യോഗത്തിലും സ്കൂൾ തുറക്കുമ്പോൾ പുസ്തകം കൊടുക്കാമെന്നാണ് പറഞ്ഞിരുന്നത്. പക്ഷെ, അതിന്റെ അവസാനഘട്ടത്തിൽ മേയ് അവസാനത്തിലാണ് പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കാൻ കഴിയില്ലായെന്ന് പറഞ്ഞത്. അതിന്റെ

അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും ഞാനുംകൂടി ക്യാബിനറ്റ് തീരുമാനമനുസരിച്ച് യോഗംകൂടി ഗവൺമെന്റ് പ്രസ്സിനെ നേരത്തെ ഏൽപ്പിക്കാറുണ്ടായിരുന്നില്ല, കെ.ബി.പി.എസ്. മാത്രമാണ് ചെയ്തിരുന്നതെങ്കിലും ഗവൺമെന്റ് പ്രസ്സിനെക്കൂടി ഏൽപ്പിക്കാൻ തീരുമാനിച്ചു. പക്ഷെ അവർക്കും വിചാരിച്ച വേഗതയിൽ ഇത് പൂർത്തീകരിക്കാൻ സാധിച്ചില്ല. ഞാൻ ഒരു പത്രസമ്മേളനത്തിലും വകുപ്പുമന്ത്രിയെ കുറ്റംപറയുകയോ വകുപ്പുമന്ത്രിയുടെ പേരെടുത്ത് പറയുകയോ ചെയ്തിട്ടില്ല. വേറൊരു കാര്യത്തിനുവേണ്ടി പത്രസമ്മേളനം വിളിച്ചപ്പോൾ പാഠപുസ്തകങ്ങളുടെ അച്ചടിയെ സംബന്ധിച്ച് ചോദിച്ചപ്പോൾ താമസം വരുന്നുണ്ടോ, കെ.ബി.പി.എസ്.-ലാണോ അച്ചടിക്കുന്നത്, എന്തുകൊണ്ടാണ് താമസിക്കുന്നത്; അട്ടിമറിയുണ്ടോ, കരുതിക്കൂട്ടി കാലതാമസം വരുത്തുന്നതാണോ യെന്ന് പത്രക്കാർ ചോദിച്ചപ്പോൾ 'അത് എനിക്കറിയില്ല, അതന്വേഷിക്കേണ്ടത് അച്ചടി വകുപ്പുമന്ത്രിയാണെന്നാണ് ഞാൻ പറഞ്ഞത്. അതല്ലാതെ മന്ത്രിയെ നേരിട്ട് പറയുകയോ മന്ത്രി നേരിട്ടെന്തെങ്കിലും ചെയ്തുവെന്നുള്ള ഒരാരോപണവും ഞാൻ എവിടെയും ഉന്നയിച്ചിട്ടില്ല. അതാണ് അതിന്റെ സ്ഥിതി. ഏതായാലും ആദ്യം അച്ചടിക്കാൻ സാധിക്കില്ലായെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് തന്നെയാണ് ഷോർട്ട് ടെണ്ടർ വിളിക്കാൻ തീരുമാനിച്ചത്. ഷോർട്ട് ടെണ്ടർ

വിളിച്ചപ്പോൾ ഈ മണിപ്പാൽ ടെക്നോളജീസ് മാത്രം വന്നു. മറ്റ് രണ്ട് പ്രസ്സുകൾകൂടി ടെണ്ടർ തന്നുവെങ്കിലും അവർ ഇതിനാവശ്യമായ ഇ.എം.ഡി. അടച്ചില്ല. അപ്പോൾ സിംഗിൾ ടെണ്ടറായതുകൊണ്ട്, പാഠപുസ്തകങ്ങൾ പെട്ടെന്ന് കൊടുക്കണമെന്നുള്ളതുകൊണ്ടുകൂടിയാണ് സിംഗിൾ ടെണ്ടറായിട്ടുള്ള ഈ ടെണ്ടർ ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് അയച്ചത്. ക്യാബിനറ്റിന്റെ അംഗീകാരത്തോടുകൂടി സ്പെഷ്യൽ സാങ്ഷൻ വാങ്ങി ചെയ്യാൻ പറ്റുകയാണെങ്കിൽ ചെയ്യാമെന്ന് കരുതി. പക്ഷെ, സിംഗിൾ ടെണ്ടർ അംഗീകരിക്കേണ്ട കാര്യമില്ല, ശരിയായ പ്രോസസിൽ ടെണ്ടർ ക്ഷണിച്ച് കൊടുത്താൽ മതിയെന്ന് ക്യാബിനറ്റ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ടെണ്ടർ ചെയ്യുമ്പോൾ മാസങ്ങളെടുക്കും. അങ്ങനെ, വീണ്ടും കെ.ബി.പി.എസ്.-ന്റെയും അച്ചടി വകുപ്പിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സെക്രട്ടറിമാരുമായും സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് കെ.ബി.പി.എസ്. തന്നെ രണ്ടാമതും ഈ വർക്ക് ചെയ്യാമെന്ന് സമ്മതിച്ചത്. അച്ചടിക്കാൻ ബാക്കിയുണ്ടായിരുന്ന 43 ലക്ഷം പാഠപുസ്തകങ്ങളാണ് വീണ്ടും നമ്മൾ കെ.ബി.പി.എസ്.- നെ ഏൽപ്പിച്ചത്. അവരത് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിലിപ്പോൾ 13 ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി. 30 ലക്ഷം പുസ്തകങ്ങൾ ഇനി അച്ചടിക്കാനുണ്ട്. ബഹുമാനപ്പെട്ട

മെമ്പർ പറഞ്ഞതുപോലെ പുസ്തകങ്ങളുടെ അച്ചടി മാത്രമല്ല, അതിന്റെ ബയിന്റിംഗും കവറുമെല്ലാം ചെയ്യാനുണ്ട്. ഇതെല്ലാമടക്കം ജൂലൈ മാസം 20-ാം തീയതിക്കുമുമ്പ് പൂർത്തീകരിച്ച് തരാമെന്നാണ് ഇപ്പോൾ കെ.ബി.പി.എസ്. പറഞ്ഞിട്ടുള്ളത്. മാത്രമല്ല, ഓരോ ദിവസവും അച്ചടിക്കുന്നതിന്റെ പുരോഗതി വിദ്യാഭ്യാസ വകുപ്പ് വിലയിരുത്തുന്നുണ്ട്. അതോടൊപ്പംതന്നെ അച്ചടിക്കുന്ന പുസ്തകങ്ങൾ മുഴുവൻ അതാത് അവസരങ്ങളിൽ കെ.ബി.പി.എസ്. -ൽ നിന്ന് ഹബ്ബുകളിലെത്തിക്കുന്നുണ്ട്. ഹബ്ബുകളിൽനിന്ന് പോസ്റ്റൽ ഡിപ്പാർട്ടുമെന്റാണ് വിതരണം നടത്തുന്നത്. ഒരു ഡിപ്പാർട്ടുമെന്റ് മാത്രം A to Z കാര്യങ്ങൾ ചെയ്യുകയല്ല. ഞാൻ നേരത്തെ പേപ്പർ പർച്ചേസിന്റെ കാര്യം പറഞ്ഞു. M/S സൂസൻ പർച്ചേസ് ആണ് പേപ്പറുകൾ വാങ്ങുന്നത്. അതിനുള്ള കാര്യങ്ങൾ തീരുമാനിക്കുന്നത് അവരാണ്. അതുകഴിഞ്ഞിട്ടാണ് പ്രസ്സിലേയ്ക്ക് കൊടുക്കുന്നത്. പ്രസ്സിൽനിന്നാണ് പാഠപുസ്തകങ്ങൾ ഹബ്ബുകളിലെത്തുന്നത്. അവിടെനിന്ന് പോസ്റ്റൽ ഡിപ്പാർട്ടുമെന്റാണ് സ്കൂളുകളിലെത്തിക്കുന്നത്. ഇങ്ങനെ നാലഞ്ചു കൈകൾ മാറിവരുന്നതുകൊണ്ടുള്ള കാലതാമസമാണ്. അതേ അവസരത്തിൽ കഴിഞ്ഞ മൂന്നുവർഷക്കാലങ്ങളിലും കൃത്യസമയത്തുതന്നെ പാഠപുസ്തകങ്ങൾ കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പാഠപുസ്തകങ്ങളുടെ സിലബസ് മാറിയിട്ടുപോലും കൃത്യസമയത്ത് കൊടുക്കാൻ

കഴിഞ്ഞു. ഇവിടെ ശ്രീ. മാത്യൂ റ്റി. തോമസ് പറഞ്ഞതുപോലെയല്ല, കഴിഞ്ഞ കാലങ്ങളിൽ നവംബർ മാസത്തിലും ഡിസംബർ മാസത്തിലും പാഠപുസ്തകങ്ങൾ കിട്ടിയ കാലമുണ്ടായിരുന്നു. കുട്ടികൾ പാഠപുസ്തകങ്ങളുടെ ഫോട്ടോസ്റ്റാറ്റ് എടുത്ത് പഠിച്ചിരുന്ന കാലമുണ്ടായിരുന്നു. ഇപ്പോൾ ഞങ്ങൾ ചെയ്തതെന്തെന്നുവച്ചാൽ പാഠപുസ്തകങ്ങൾ ലഭിക്കാൻ താമസിക്കുന്നുവെന്നുകണ്ടപ്പോൾ പാഠപുസ്തകങ്ങൾ മുഴുവൻ നെറ്റിൽകൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ നെറ്റിൽനിന്നും കുട്ടികൾ പാഠപുസ്തകത്തിന്റെ കോപ്പിയെടുത്തിട്ടുണ്ടാവും. അതായിരിക്കും ഒരുപക്ഷെ ഗൈഡുകാരും ഉപയോഗിക്കുന്നത്. അതല്ലാതെ ഞങ്ങൾ ഗൈഡുകാരെ സഹായിക്കാൻവേണ്ടി ഒന്നും ചെയ്തിട്ടില്ല, ചെയ്യേണ്ട ആവശ്യവുമില്ല. ജൂലൈ മാസം 20-ാം തീയതിക്കകം പാഠപുസ്തകങ്ങൾ മുഴുവൻ സ്കൂളുകളിലെത്തിക്കാനുള്ള ശ്രമം നടത്തുകയാണ്. യൂണിഫോമിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞ മറ്റൊരു കാര്യം. എസ്.എസ്.എ. ഫണ്ട് ലഭിക്കുന്നത് ഗവൺമെന്റ് സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെയുള്ള പെൺകുട്ടികൾക്കും എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും വേണ്ടിയാണ്. അത് നേരത്തെതന്നെ വിതരണം ചെയ്തുകഴിഞ്ഞു. എയ്ഡഡ് സ്കൂളിലെ കുട്ടികൾക്കുകൂടി യൂണീഫോം കൊടുക്കാൻ തീരുമാനിച്ചത് സംസ്ഥാന ഗവൺമെന്റാണ്. കഴിഞ്ഞ രണ്ടു വർഷമായി അത് ഞങ്ങൾ

കൊടുത്തുകൊണ്ടിരിക്കുന്നു. ഈ വർഷത്തെ ഫണ്ട് അലോട്ട്ചെയ്ത് കിട്ടാൻ താമസിച്ചു. ഇന്നലെയും മിനഞ്ഞാന്നുമായിട്ടാണ് ഫണ്ട് ലഭിച്ചത്. ഈയാഴ്ചതന്നെ അത് സ്കൂളുകളിൽ വിതരണം ചെയ്യുന്നതാണ്. പിന്നെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തെക്കുറിച്ച് ഇവിടെ ഉന്നയിച്ച കാര്യം കേരളത്തിലാണോയെന്ന് എനിക്ക് സംശയമുണ്ട്. ഇപ്പോൾ പൊട്ടിപ്പൊളിഞ്ഞ് ചോർന്നൊലിക്കുന്ന സ്കൂൾകെട്ടിടങ്ങളൊന്നും നമ്മുടെ സംസ്ഥാനത്തെവിടെയുമില്ല. സ്കൂളുകളുടെ ഭൗതീക സൗകര്യങ്ങൾ വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. ഡി.പി.ഇ.പി. മുഖേനയാണെങ്കിലും എസ്.എസ്.എ. മുഖേനയാണെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണെങ്കിലും എം.എൽ.എ. മാരുടെയും എം.പി. മാരുടെയുമൊക്കെ ഫണ്ടുകൊണ്ടാണെങ്കിലും ഇന്ന് നമ്മുടെ സ്കൂളുകളെല്ലാംതന്നെ ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിൽ വളരെ മുന്നോട്ടാണ്. അതേയവസരത്തിൽ ടോയ്ലറ്റുകളുടെ കാര്യത്തിൽ പ്രശ്നമുണ്ടായിരുന്നു. അതുകൊണ്ട് കഴിഞ്ഞവർഷംതന്നെ ക്യാബിനറ്റ് തീരുമാനപ്രകാരം മതിയായ ടോയ്ലറ്റ് സൗകര്യങ്ങളില്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതല്ല എന്നൊരു ഉത്തരവിറക്കി. അതിന്റെയടിസ്ഥാനത്തിൽ മിക്കവാറും സ്കൂളുകളിലെല്ലാം ടോയ്ലറ്റുകൾ നന്നായി ചെയ്തു. ചില സ്ഥലങ്ങളിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ്

സ്കൂളുകളുണ്ട്. അതുപോലെ ചില മാനേജ്മെന്റ് സ്കൂളുകളിൽ ഇത്തരം അപാകതയുണ്ടാകാറുണ്ട്. ഗവൺമെന്റ് സ്കൂളുകളിൽ 99 ശതമാനം ടോയ്ലറ്റുകളുടെ പണി പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞു. ആ സമയത്താണ് ആരോഗ്യ വകുപ്പ് സർവ്വെ നടത്തിയത്. ആരോഗ്യ വകുപ്പ് രണ്ടാഴ്ച ഇടവിട്ട് രണ്ട് സർവ്വെ നടത്തി. ആദ്യത്തെ സർവ്വെയിൽ വന്ന എണ്ണത്തിന്റെ പത്തിലൊരു അംശംപോലും രണ്ടാമത്തെ സർവ്വെയിൽ വന്നില്ല. അതിനകംതന്നെ കുറെയധികം ടോയ്ലറ്റുകളുടെ പ്രശ്നം പരിഹരിച്ചു. എം.എച്ച്.ആർ.ഡി. പറയുന്ന രീതിയിൽ കുട്ടികളുടെ റേഷ്യോ അനുസരിച്ചുള്ള ടോയ്ലറ്റ് ഫെസിലിറ്റീസ് നമ്മുടെ സംസ്ഥാനത്ത് ഇക്കാലംവരെയുണ്ടായിട്ടില്ല. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വെവ്വേറെ ടോയ്ലറ്റ് സൗകര്യം എല്ലാ സ്കൂളുകളിലുമുണ്ട്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കൃത്യമായ ടോയ്ലറ്റുണ്ടോ എന്ന് ചോദിച്ചാൽ അത് ഒരു കാലത്തും നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല. കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ അങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. ഇതാണ് ടോയ്ലറ്റ് സൗകര്യവുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. ഉച്ചഭക്ഷണം പ്രീ-പ്രൈമറി കുട്ടികൾക്ക് കൊടുക്കണ്ട എന്ന ഒരുത്തരവും ഗവൺമെന്റിറക്കിയിട്ടില്ല. പ്രീ-പ്രൈമറി കുട്ടികൾക്കുള്ള ഉച്ചഭക്ഷണം സാധാരണഗതിയിൽ എല്ലാ സ്കൂളിലും കൊടുത്തുകൊണ്ടിരിക്കുന്നതാണ്. ഒരോ

സ്കൂളിനും അലോട്ട് ചെയ്യുന്ന അരിയിൽനിന്നുതന്നെ ആ സ്കൂളിലുള്ള പ്രീ-പ്രൈമറി കുട്ടികൾക്ക് ഭക്ഷണം കൊടുക്കാൻ കഴിയും. അതാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്. അത് തുടർന്നും ചെയ്യും. അദ്ധ്യാപകരുടെ കാര്യം പറയുകയാണെങ്കിൽ ഈ ഗവൺമെന്റ് വരുമ്പോൾ എന്തായിരുന്നു സ്ഥിതി? നിയമനം കിട്ടാതെ, ശമ്പളം ലഭിക്കാതെ എത്രയോ വർഷങ്ങളായി ജോലിചെയ്തുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് അദ്ധ്യാപകരുണ്ടായിരുന്നു. പല അദ്ധ്യാപകരും അദ്ധ്യാപക ജോലി ഉപേക്ഷിച്ച് കുടുംബം പുലർത്തുന്നതിനുവേണ്ടി മറ്റുപല ജോലിക്കുംപോയി. പക്ഷെ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു പാക്കേജുണ്ടാക്കി. നിലവിൽ പുറത്തുപോയ അദ്ധ്യാപകരെയൊക്കെ പ്രൊട്ടക്ട് ചെയ്തു. അദ്ധ്യാപക ബാങ്കുണ്ടാക്കി. അതിൽ അവരെ നിലനിറുത്തി. അവർക്ക് ശമ്പളം കൊടുത്തു. അവരെ ക്ലസ്റ്റർ കോ-ഓർഡിനേറ്റേഴ്സാക്കി. അങ്ങനെ അവർക്ക് ജോലി കൊടുക്കുകയും ജോലിയില്ലാത്തവർക്കുപോലും ശമ്പളം കൊടുക്കുയും ചെയ്തു. ആ പാക്കേജിന്മേൽ പലതവണ ഉത്തരവിറക്കിയെങ്കിലും കോടതിയിൽ പലതും ചലഞ്ച് ചെയ്തു. അവസാനം രണ്ടുദിവസമായി ഗവൺമെന്റ് അതിന്റെ പൂർണ്ണമായ രൂപം ഉണ്ടാക്കാനുള്ള ശ്രമത്തിലാണ്. ഈ ആഴ്ചതന്നെ അതിന്റെ കാര്യങ്ങൾ

പൂർത്തിയാകുമ്പോൾ അദ്ധ്യാപകരില്ലാത്ത വിദ്യാലയങ്ങളിലെല്ലാംതന്നെ അദ്ധ്യാപകരെ കൊടുക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. പരീക്ഷയുടെ കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. ഇന്നലെ ക്യൂ.ഐ.പി മീറ്റിംഗ് കൂടി അവർ ഒരു സജഷൻ വച്ചതായി ഇന്ന് പത്രങ്ങളിൽ കണ്ടു. പല സ്കൂളുകളിലും അദ്ധ്യാപകരുടെ പ്രശ്നമുണ്ട്. പാക്കേജിന്റെ കാര്യം വന്നപ്പോൾ 2011-നുശേഷമുള്ള സ്ഥിരനിയമനങ്ങളെ സംബന്ധിച്ച് കുട്ടികളുടെ യു.ഐ.ഡി, പഴയ കാലങ്ങളിലില്ലാത്തതാണ്. നമ്മുടെ സംസ്ഥാനത്ത് അദ്ധ്യാപകർ അധികം വരാൻ കാരണം ബോഗസ്സായിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനങ്ങൾ പഴയകാലത്ത് നടന്നതുകൊണ്ടാണ്. ഈ സർക്കാർ വന്നതിനുശേഷം യു.ഐ.ഡി അടിസ്ഥാനത്തിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യാൻ കുട്ടികളുടെ എണ്ണം കണക്കാക്കണമെന്നുപറഞ്ഞു. പഴയകാലത്ത് തലയെണ്ണി ആറാമത്തെ ദിവസം കണക്കാക്കാമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു ചെറിയ സ്റ്റോപ് ഗ്യാപ് അറേഞ്ച്മെന്റെന്ന നിലയിൽ പുതിയ നിയമനങ്ങൾ നിറുത്തിവയ്ക്കാൻ പറഞ്ഞു. അതുകൊണ്ടും കുറച്ച് അദ്ധ്യാപകരുടെ ക്ഷാമമുണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ പാക്കേജ് പാസ്സാകുന്നതോടുകൂടി അത് പൂർത്തിയാക്കാൻ നമുക്ക് സാധിക്കും. ഗവൺമെന്റിനെ സംബന്ധിച്ച് സ്വകാര്യ പ്രസ്സുകളെ സഹായിക്കേണ്ട യാതൊരാവശ്യവുമില്ല. അങ്ങനെ

ചെയ്യണമെങ്കിൽ നേരത്തെതന്നെ ചെയ്യാമായിരുന്നു. പക്ഷെ സ്വകാര്യ പ്രസ്സുകളുടെ എഫിഷ്യൻസി കണക്കിലെടുത്തുകൊണ്ടും രണ്ടുപ്രാവശ്യം ഡിലേ വന്നതുകൊണ്ടും കുട്ടികൾക്ക് വേഗം പാഠപുസ്തകം കിട്ടണമെന്നുള്ള ഉദ്ദേശ്യത്തിലാണ് സ്വകാര്യ പ്രസ്സുകൾക്ക് കൊടുത്തത്. സിംഗിൾ ടെണ്ടറായതിന്റെ പേരിൽ ഞങ്ങൾ അത് ഉപേക്ഷിക്കുകയും ചെയ്തു. ആ കേസ് കോടതി പരിഗണിക്കുന്നില്ലായെന്നുപറഞ്ഞ് ഒഴിവാക്കുകയാണ് ചെയ്തത്. രണ്ടാമത് 9-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയാണ് മലയാളം പാഠപുസ്തകം മാത്രമെ കിട്ടിയിട്ടുള്ളൂ എന്നുപറഞ്ഞ് കേസ് കൊടുത്തത്. ഇന്ന് അന്വേഷിച്ചപ്പോൾ ഇംഗ്ലീഷും മലയാളവും ഒഴികെയുള്ള എല്ലാ പാഠപുസ്തകങ്ങളും സ്കൂളുകളിൽ എത്തിച്ചിട്ടുണ്ടെന്നാണ് അറിഞ്ഞത്. ഒരു രക്ഷിതാവ് കൊടുത്ത പരാതിയാണ്. ആ പരാതിയിലും എത്രയും വേഗം പുസ്തകം കൊടുക്കണമെന്നു പറഞ്ഞുവെന്നല്ലാതെ കോടതി ഗവൺമെന്റിനെതിരെ ഒരു കമന്റും പാസ്സാക്കിയിട്ടില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, നോമ്പ് കാലമായതുകൊണ്ട് അങ്ങ് സത്യവിരുദ്ധമായ കാര്യങ്ങൾ പറയാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ എല്ലാ സത്യവും പറയുന്നില്ലായെന്നുള്ള പരാതിയുണ്ട്. നക്ഷത്രചിഹ്നമിട്ട 124-ാം നമ്പർ ചോദ്യത്തിന് ഇന്ന് അച്ചടി വകുപ്പുമന്ത്രി സഭയിൽതന്നിരിക്കുന്ന മറുപടി 28.10.2014-

ൽ കെ.ബി.പി.എസ്.-ന് ഒരു tentative print order കൊടുത്തിരുന്നുവെങ്കിലും അതിന്റെ അന്തിമമായ പ്രിന്റ് ഓർഡർ കൊടുത്തത് 10.02.2015-ലാണ് എന്നാണ്. ഇത് ശരിയാണോ; അതോ മന്ത്രി നൽകിയിരിക്കുന്ന ഉത്തരം തെറ്റാണോ എന്ന് പറയണം.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u> : സർ, അത് ഞാൻ പരിശോധിച്ചിട്ട് പറയാം. ....... (ബഹളം).........

<u>ശ്രീ. സി. ദിവാകരൻ</u>: സർ, സഭയിൽ ഒരു റൂളിംഗുണ്ട്. മന്ത്രിമാർ പരിശോധിച്ച് പറയാമെന്ന് പറയാൻ പാടില്ല. ..........(ബഹളം).........

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, ഞാൻ ഇവിടെ ആമുഖപ്രസംഗത്തിൽ പറഞ്ഞകാര്യങ്ങളിലെ തീയതികളാണ് പറഞ്ഞത്. ഇന്ന് രാവിലത്തെ ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞ മറുപടി ശരിയാണോ അല്ലയോ എന്നുള്ള കാര്യം പരിശോധിക്കാതെ എനിക്ക് എങ്ങനെ പറയാൻ കഴിയും. ....... (ബഹളം)...........

<u>മി. സ്പീക്കർ</u>: ചെയർ ഒരു കാര്യം പറയട്ടെ, ......(ബഹളം).... നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടെങ്കിൽ സീറ്റിൽ പോയിരുന്ന് പറയണം. ഇവിടെ നിന്ന് ബഹളമുണ്ടാക്കിയാൽ ചെയർ അതിന് മറുപടി പറയില്ല, സീറ്റിൽ പോയി

ചോദിച്ചാൽ മറുപടി പറയാം. ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങ് ചോദിക്കുന്നതിനോ കക്ഷി നേതാക്കന്മാർ ചോദിക്കുന്നതിനോ മറുപടി പറയാം. ബഹുമാനപ്പെട്ട മന്ത്രിയും മറുപടി പറയും. പക്ഷേ, സീറ്റിൽ പോയി ഇരിക്കണം. പ്ലീസ്, പ്ലീസ്....... ബഹുമാനപ്പെട്ട സി. ദിവാകരൻ, ഇത് ഇന്ന് നിയമസഭയിൽ വന്ന ഒരു ചോദ്യത്തിന്റെ ഉത്തരമാണ്. ആ ഉത്തരം നൽകിയിരിക്കുന്നത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയല്ല, ബഹുമാനപ്പെട്ട അച്ചടി വകുപ്പുമന്ത്രിയാണ്. ആ ചോദ്യത്തിന്റെ ഉത്തരം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കണ്ടിട്ടില്ല, അതുകൊണ്ടാണ് പരിശോധിച്ചു പറയാമെന്ന് അദ്ദേഹം പറഞ്ഞത്. അതിൽ ഒരു തെറ്റുമില്ല.....(ബഹളം).....ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ. നിങ്ങൾ പറഞ്ഞ കാര്യത്തിന് മറുപടി പറയാൻ അനുവദിക്കണം.....(ബഹളം).......

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): എന്നോടു ചോദിക്കാത്തതുകൊണ്ടാണ് ഞാൻ മറുപടി പറയാത്തത്. എല്ലാവരും ബഹളം വച്ചാൽ ഞാൻ എങ്ങനെ മറുപടി പറയും. ബഹുമാനപ്പെട്ട അങ്ങ് ചോദ്യം ചോദിച്ചാൽ മറുപടി പറയാം. ഇന്ന് നൽകിയ ഉത്തരത്തിന്റെ (ബി) പിരിവിൽ പറഞ്ഞിട്ടുള്ളത്, 1, 3, 5, 7, 9, 10 ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 28.10.2014-ന്

കെ.ബി.പി.എസ്.-ന് നൽകിയിരുന്നു. 2, 4, 6, 8 ക്ലാസുകളിലേതുൾപ്പെടെ എല്ലാ ക്ലാസുകളിലെയും ഫൈനൽ പ്രിന്റ് ഓർഡർ 10.02.2015-ലും കെ.ബി.പി.എസ്.-ന് നൽകിയിരുന്നുവെന്നുമാണ്. അത് ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടില്ല, അത് പരിശോധിച്ചിട്ട് പറയാമെന്നാണ് അദ്ദേഹം പറഞ്ഞത്......(ബഹളം).....നിങ്ങൾ ബഹളമുണ്ടാക്കരുത്. ശരിയല്ലാത്ത ഉത്തരമാണോ ഇവിടെ നൽകുന്നത്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: ആ ചോദ്യത്തിന്റെ (എ) പിരിവിന് നൽകിയിരിക്കുന്ന ഉത്തരത്തിൽ 2015-16 അദ്ധ്യയന വർഷം 3,73,15,500 പാഠപുസ്തകങ്ങളുടെ അച്ചടി നടത്തുന്നതിനായി 10.02.2015-ൽ കെ.ബി.പി.എസ്.-ന് പ്രിന്റ് ഓർഡർ നൽകിയിരുന്നുവെന്നു പറഞ്ഞാൽ ഫൈനലായി പ്രിന്റ് ഓർഡർ കിട്ടിയത് 10.02.2015-ലാണോ? ആണ്. അത്രേയുള്ളൂ ചോദ്യം.......(ബഹളം)......

<u>ശ്രീ. കെ. പി. മോഹനൻ</u>: അല്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞിട്ടില്ല......(ബഹളം)...... ഇനി ഇംഗ്ലീഷിൽ പറയണോ, ഹിന്ദിയിൽ പറയണോ. അദ്ദേഹം അല്ല എന്ന് പറഞ്ഞിട്ടില്ല. പത്രക്കുറിപ്പിനെ കുറിച്ച് പറഞ്ഞില്ലേ, അദ്ദേഹം മന്ത്രിയോടും കൂടി അന്വേഷിക്കാമെന്ന് പറഞ്ഞപ്പോൾ അതിനെ വളച്ചൊടിച്ചു. ഇന്നത്തെ ചോദ്യത്തിന്റെ ഉത്തരമായതിനാൽ പരിശോധിച്ചിട്ട് പറയാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു.

ശ്രീ. സി. ദിവാകരൻ: പരിശോധിക്കാനൊന്നുമില്ല, ഉത്തരം മേശപ്പുറത്തുണ്ട്. എന്ത് പരിശോധനയാണ് വേണ്ടത്. നിങ്ങളുടെ ക്യാബിനറ്റിലെ ഒരു മന്ത്രിയുടെ ഉത്തരം വേറൊരു മന്ത്രി പരിശോധിച്ചു പറയാമെന്ന് പറഞ്ഞാൽ.......

ശ്രീ. പി. കെ. അബ്ദു റബ്ബ്: എന്നെ പറയാൻ അനുവദിക്കണം.......... (ബഹളം)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, മറുപടി പറഞ്ഞ് തീർക്കണം.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് മൈക്ക് അനുവദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് മൈക്ക് കൊടുക്കണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഇരിക്കണം. മന്ത്രി ഇരുന്നാലേ മൈക്ക് ലഭിക്കുകയുള്ളൂ. ഇവിടത്തെ സിസ്റ്റം അറിയാമല്ലോ. ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങും മന്ത്രിയായിരുന്നയാളാണ്. അങ്ങേയ്ക്ക് ഇവിടത്തെ സിസ്റ്റം അറിയാമല്ലോ. ഒരു അംഗത്തിന് മൈക്ക് കൊടുത്താൽ അതേ സമയം മറ്റൊരാൾക്ക് മൈക്ക് ലഭിക്കില്ല. ബഹുമാനപ്പെട്ട മന്ത്രി ഇരുന്നാലേ ഇപ്പുറത്ത് മൈക്ക് ലഭിക്കുകയുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കണമെങ്കിൽ അനുവദിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ബഹുമാനപ്പെട്ട മന്ത്രി

ഇരുന്നാൽ മാത്രമേ ഞാൻ സംസാരിക്കുകയുള്ളൂ. ചോദ്യകർത്താവായ ശ്രീ. മാത്യു റ്റി. തോമസ് ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതിനു വേണ്ടിയിട്ടാണ് കാത്തിരുന്നത്. അതിനുപകരം മുസ്ലീം ലീഗ് അംഗങ്ങൾ എണീറ്റുനിന്ന് ബഹളമുണ്ടാക്കിയാൽ അദ്ദേഹത്തിന്റെ മറുപടിയാകുമോ? അതുകൊണ്ട് അദ്ദേഹം മര്യാദയ്ക്ക് ചോദ്യത്തിന് മറുപടി പറയണം........(ബഹളം)......

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്, ചോദിച്ച ചോദ്യത്തിന് മറുപടി പറയുന്നതിനു പകരം മുസ്ലീം ലീഗിന്റെ മെമ്പർമാർ ബഹളമുണ്ടാക്കിയെന്നാണ്. അതല്ല സത്യം. ഇവിടെ ശ്രീ. മാത്യു റ്റി. തോമസ് ചോദിച്ച ചോദ്യത്തിന് ഇന്ന് അച്ചടി വകുപ്പുമന്ത്രി നൽകിയ മറുപടിയെക്കുറിച്ചാണ് ചോദിച്ചത്. ആ ഉത്തരത്തെക്കുറിച്ച് എനിക്ക് പരിശോധിക്കാതെ മറുപടി പറയാൻ കഴിയില്ല. ശ്രീ. സി. ദിവാകരനും ശ്രീ. മാത്യു റ്റി. തോമസും മുൻമന്ത്രിമാരായിരുന്നവരാണ്. നിങ്ങളുടെ വകുപ്പിന്റേതല്ലാത്ത ഒരു കാര്യം പരിശോധിക്കാതെ നിങ്ങൾക്കെങ്ങനെ മറുപടി പറയാൻ കഴിയും. അച്ചടി വകുപ്പ് മന്ത്രി ഇന്ന് നൽകിയ ഉത്തരത്തെ സംബന്ധിച്ച് പരിശോധിച്ച് മറുപടി പറയുമെന്നാണ് ഞാൻ പറഞ്ഞത്. അതിനുശേഷമാണ് ബഹളമുണ്ടായത്. ആദ്യം അവിടെ നിന്ന് ബഹളമുണ്ടാക്കി, ഇവിടെയും ബഹളമുണ്ടാക്കി.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: ഫൈനൽ പ്രിന്റ് ഓർഡർ നൽകിയത് 2015 ഫെബ്രുവരി മാസമാണോ അല്ലേയാ എന്ന് വ്യക്തമാക്കണം.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: ബഹുമാനപ്പെട്ട അച്ചടി വകുപ്പുമന്ത്രി ഇവിടെ വായിച്ച മറുപടിയിൽ തന്നെ രണ്ടു തീയതി പറഞ്ഞിട്ടുണ്ട്. ആദ്യം ഓർഡർ നൽകിയ ഒക്ടോബർ മാസത്തെ തീയതി പറഞ്ഞിട്ടുണ്ട്. രണ്ടാമത്തെ തീയതിയും പറഞ്ഞിട്ടുണ്ട്. ആ സമയങ്ങളിൽ ഏതൊക്കെ ക്ലാസുകളുടെ പാഠപുസ്തകങ്ങളുടെ ഓർഡറാണ് നൽകിയതെന്നും പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞ മറുപടി ക്ലിയറാണ്. ബാക്കിയുള്ള കാര്യങ്ങൾ ഞാൻ കൂടി പരിശോധിച്ചു പറയാമെന്നാണ് പറഞ്ഞത്. അതിനാണ് നിങ്ങൾ ബഹളമുണ്ടാക്കിയത്. ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം നടത്തേണ്ട, അതിന്റെ ആവശ്യമൊന്നുമില്ല. കഴിഞ്ഞ മൂന്നുവർഷക്കാലങ്ങളിലും സ്കൂൾ തുറക്കുന്നതിനു മുമ്പ് പാഠപുസ്തകം കൊടുത്തതുമായി അപേക്ഷിച്ചുനോക്കുമ്പോൾ ഈ വർഷം അല്പം കാലതാമസം വന്നു. പക്ഷേ, മുൻകാല ഗവൺമെന്റുകളെ അപേക്ഷിച്ച് വളരെ നേരത്തെ തന്നെ പാഠപുസ്തകങ്ങൾ കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ജൂലായ് 20-നകം മൊത്തം പാഠപുസ്തകങ്ങളും സ്കൂളുകളിൽ എത്തിക്കുവാനുള്ള എല്ലാ സംവിധാനങ്ങളും ഗവൺമെന്റ് ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഈ

വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഈ രണ്ട് മന്ത്രിമാർ പറഞ്ഞ മറുപടിയിലെ വ്യത്യാസം...ഇവരെല്ലാം അടുത്തടുത്ത് കസേരകളിൽ ഇരിക്കുകയാണ്, അത് പരിശോധിച്ചില്ല, മനസ്സിലായിട്ടില്ല എന്ന് മാത്രം പറഞ്ഞുകൊണ്ട് അടിയന്തര പ്രമേയത്തെ നേരിടുന്നത് ശരിയാണോ? ഈ സർക്കാർ എന്തുകൊണ്ടാണ് നിരുത്തരവാദപരമായി പെരുമാറുന്നത്. വിലക്കയറ്റം നിയന്ത്രിക്കുവാനോ പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുവാനോ അവശ ജനവിഭാഗങ്ങൾക്ക് ആശ്വാസം പകരുന്ന ക്ഷേമ പെൻഷനുകൾ നൽകാനൊന്നും ഈ സർക്കാരിന് താൽപ്പര്യമില്ലെന്ന് ജനങ്ങൾക്ക് അറിയാം. ഇപ്പോൾ വിദ്യാർത്ഥികളുടെ കാര്യത്തിലും സമാനമായ കെടുകാര്യസ്ഥതയും നിരുത്തരവാദത്വവുമാണ് സർക്കാർ കാട്ടുന്നത്. വിദ്യാലയ വർഷം ആരംഭിച്ച് ഒരു മാസം പിന്നിട്ടിട്ടും കുട്ടികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമായിട്ടില്ല. സ്കൂളുകൾ തുറന്ന് 4-5 ദിവസം കഴിഞ്ഞപ്പോൾ മുതൽ ഞങ്ങൾ ഈ പ്രശ്നം ഉന്നയിച്ചുവരുന്നതാണ്.

അപ്പോഴൊക്കെ ശരിയാകുമെന്ന മറുപടിയാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ അതൊക്കെ വെള്ളത്തിൽ വരച്ച വരപോലെയായി. ഇനി ഒരുമാസം കൂടി കഴിയുമ്പോൾ ഓണ പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പാകും. അപ്പോഴും പാഠപുസ്തകങ്ങളില്ലാതെ കുട്ടികൾ പരീക്ഷ എഴുതേണ്ട സ്ഥിതി ആയിരിക്കും ഉണ്ടാകുന്നത്. ഓണപരീക്ഷ ഓണം കഴിഞ്ഞേ ഉണ്ടാകൂയെന്നാണ് ഇന്ന് വന്നിരിക്കുന്ന വാർത്ത. ഓണത്തിനുശേഷം നടത്തുന്ന പരീക്ഷ എങ്ങനെയാണ് ഓണ പരീക്ഷയാകുന്നത്. നിങ്ങളുടെയൊക്കെ കാലത്ത് ഇതും ഇതിനപ്പുറവും നടക്കും. സെപ്റ്റംബർ 27 രണ്ടാം ശനിയാഴ്ച ആണെന്ന കണ്ടുപിടുത്തം നടത്തിയവരല്ലേ നിങ്ങൾ. എന്നാലും എന്റെ റബ്ബേ സമ്മതിച്ചിരിക്കുന്നു. അന്ധ വിദ്യാർത്ഥികൾക്ക് നൽകേണ്ട ബ്രെയിൽ പാഠപുസ്തകങ്ങൾ പോലും പൂർണ്ണമായും വിതരണം ചെയ്യാൻ സർക്കാരിന് കഴിഞ്ഞില്ല. കഴിഞ്ഞ നാലുവർഷമായി അഴിമതിയും കെടുകാര്യസ്ഥതയും അനധികൃത നടപടികളുംകൊണ്ട് വിദ്യാഭ്യാസ മേഖല കുളംതോണ്ടിയിരിക്കുകയാണ്. അബ്ദുറബ്ബും കൂട്ടരും ഈ വർഷവും അത് ആവർത്തിച്ചിരിക്കുകയാണ്. 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ആവശ്യമുള്ളത് നാലു കോടി പാഠപുസ്തകമാണെങ്കിൽ ഇതുവരെ സ്കൂൾ സൊസൈറ്റിയിൽ എത്തിച്ചിട്ടുള്ളത് ഒരു

കോടി ചില്വാനം പാഠപുസ്തകങ്ങൾ മാത്രമാണ്. അതായത് ആവശ്യമുള്ളതിന്റെ നാലിലൊന്ന് മാത്രമാണ്. ബാക്കി പുസ്തകങ്ങളുടെ അച്ചടി തീരാൻ മാസങ്ങൾ വേണ്ടി വരും. അത് തുടർന്ന് സ്കൂളുകളിൽ എത്താൻ പിന്നെയും മാസങ്ങൾ പലതും എടുത്തെന്നിരിക്കും. ചുരുക്കി പറഞ്ഞാൽ കഴിഞ്ഞ വർഷത്തെ പോലെ അവസാന ടേമിൽ, ഫെബ്രുവരി മാസം ആകുമ്പോഴേയ്ക്കുമാണ് പുസ്തകം പൂർണ്ണമായും സ്കൂളുകളിൽ എത്തിച്ചേരുന്നത്. കഴിഞ്ഞ നാലുവർഷവും തുടർന്ന പരിപാടി വീണ്ടും ആവർത്തിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ നാട്ടുകാരനല്ലേ? അദ്ദേഹത്തെ ഇകഴ്ത്തി കാണിക്കാൻ വേണ്ടി എന്തെങ്കിലും ഞങ്ങൾ ചെയ്യുകയാണോ? ഞാൻ ഇങ്ങനെ ചോദിക്കുന്നതിന് കാരണം, ഈ നാട്ടുകാരനാണെങ്കിൽ മാർച്ച് 31-ന് സ്കൂളുകൾ പൂട്ടുമെന്നും ജൂൺ 1-ന് സ്കൂൾ തുറക്കുമെന്നും അറിയാത്തവരില്ലല്ലോ. സ്കൂൾ തുറക്കുമ്പോൾ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ വേണ്ടിവരുമെന്നും അവരെ പഠിപ്പിക്കാൻ അധ്യാപകർ ആവശ്യമാണെന്നുമൊക്കെ അറിയാവുന്നവരായിരിക്കില്ലേ. പക്ഷേ, നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കെട്ടും മട്ടും കണ്ടാൽ അദ്ദേഹത്തിന് ഇതൊന്നും അറിയില്ലെന്നാണ് തോന്നുന്നത്. അതുകൊണ്ടാണ് അദ്ദേഹം ഈ നാട്ടുകാരനാണോയെന്ന സംശയം പ്രകടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് നൽകേണ്ട

പാഠപുസ്തകങ്ങളുടെ അച്ചടി നിർവ്വഹിക്കേണ്ട ചുമതലയുള്ള സർക്കാർ സ്ഥാപനമാണല്ലോ കാക്കനാട്ടുള്ള കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റി. എന്നാൽ ഈ സ്ഥാപനത്തെ നോക്കുകുത്തിയാക്കി പാഠപുസ്തകം അച്ചടി സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിച്ച് തട്ടടിക്കാനാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കൂട്ടരും തക്കം പാർത്തിരിക്കുന്നത്. അതുകൊണ്ടല്ലേ, സർക്കാർ സംവിധാനത്തിലുള്ള അച്ചടി മുഴുവനും അവതാളത്തിലായത്. മന്ത്രി മാത്രമല്ല അച്ചടി വകുപ്പും ഇതിനകത്ത് ഒത്തുകളി നടത്തിയിരിക്കുന്നു. ഇതെല്ലാം മുഖ്യമന്ത്രിയുടെ കാർമികത്വത്തിലാണ്. എന്നാൽ അഴിമതി ആരോപണം ഉയർന്നുവന്നതിനെ തുടർന്ന് കുത്തകകളെ അച്ചടി ഏൽപ്പിക്കാനുള്ള ശ്രമം പിൻവലിക്കേണ്ടി വന്നിരിക്കുകയാണ്. എന്തെല്ലാം കാര്യങ്ങളിലാണ് ഈ സർക്കാരിന് ഹൈക്കോടതിയുടെ കൊട്ട് കിട്ടിയിട്ടുള്ളത്. അതിലേയ്ക്കൊന്നും ഇപ്പോൾ വിശദമായി പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ പാഠപുസ്തക അച്ചടിയും വിതരണവും അവതാളത്തിലാക്കിയതിന്റെ പേരിലും നിങ്ങളെ ഹൈക്കോടതി രൂക്ഷമായി വിമർശിച്ചതല്ലേ. ഒരാഴ്ചയ്ക്കുള്ളിൽ ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് വിശദീകരണം നൽകാമെന്ന് പറഞ്ഞിട്ട് അതുപോലും നിങ്ങൾ ചെയ്തിട്ടില്ല. ഇത്ര നിസ്സാരമായിട്ടാണ് 50 ലക്ഷത്തിലധികം വരുന്ന വിദ്യാർത്ഥികളുടെ ഭാവി പന്താടുന്നത്. പാഠപുസ്തകങ്ങളുടെ കാര്യത്തിൽ

മാത്രമല്ല യൂണിഫോം വിതരണത്തിന്റെ കാര്യത്തിലും കള്ളക്കളികൾ അരങ്ങേറുകയാണ്. യൂണിഫോമിനുള്ള പണം രക്ഷിതാക്കൾക്ക് നൽകുന്നതിനു പകരം മൊത്തമായി സർക്കാർ വാങ്ങി വിതരണം ചെയ്യുന്നതിന് പിന്നിൽ വലിയ അഴിമതിയുണ്ട്. കഴിഞ്ഞ വർഷവും ഇത് അരങ്ങേറിയതാണ്. കഴിഞ്ഞ വർഷവും പുസ്തകങ്ങളുടേതുപോലെ യൂണിഫോം ലഭിച്ചതും മൂന്നാമത്തെ ടേം ആയപ്പോഴാണ്. ഇതുമാത്രമല്ല ആവശ്യത്തിന് അധ്യാപകരുമില്ലാതെയാണ് ഇത്തവണ സ്കൂളുകൾ പ്രവർത്തിക്കുന്നത്. കഴിഞ്ഞ മാർച്ച് വരെ 1146 എൽ.പി. അധ്യാപകന്മാരുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എൽ.പി. സ്കൂൾ അധ്യാപകന്റെ റാങ്ക് ലിസ്റ്റും നിലവിലുണ്ട്. എന്നാൽ ഒരു വർഷം മുമ്പ് അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് പോലും ഇതുവരെ നിയമനം ലഭിച്ചിട്ടില്ല. ഇതുമൂലം ഓരോ ക്ലാസിലും ഇരട്ടിവീതം കുട്ടികളെ ഇരുത്തിയാണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഈ വക കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി നിലപാട് വ്യക്തമാക്കണമെന്നും ഇത് പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്നും ഞങ്ങൾ ആഴ്ചകൾക്കുമുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ അതൊന്നും മുഖവിലയ്ക്കെടുക്കാതെ പാവപ്പെട്ട വിദ്യാർത്ഥികളുടെ ഭാവി പന്താടുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം പൊതു

വിദ്യാഭ്യാസം തകർക്കുന്നതിനുള്ള ഈ സർക്കാരിന്റെ ശ്രമത്തിന്റെ ഭാഗമാണ്. പ്രൈവറ്റ് മേഖലയിൽ വിദ്യാഭ്യാസ കച്ചവടം പൊടിപൊടിക്കുമ്പോൾ പാവപ്പെട്ട വിദ്യാർത്ഥികൾ പഠനസൗകര്യമില്ലാതെ വലയുകയാണ്. ഇക്കാര്യംപോലും ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഈ സഭയിൽ തന്നെ കുത്തിയിരിക്കാനാണ് ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നതെന്ന് ബഹുമാനപൂർവ്വം അങ്ങയെ അറിയിച്ചുകൊള്ളുന്നു.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചു കൊണ്ടിരുന്നു.)

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ്, പ്രതിഷേധം ആവശ്യത്തിനായി. നമുക്ക് സഭ നടത്തിക്കൊണ്ട് പോയല്ലേ തീരൂ. ദയവായി അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. അങ്ങേയ്ക്ക് സുഖമില്ലാത്തതാണ്. പ്ലീസ്....പ്ലീസ്..... സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ദയവായി അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. സഭ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.31-ന് സഭ നിർത്തിവച്ചു.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.31-ന് നിറുത്തിവച്ച സഭ 11.06-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു)

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽനിന്നും ഇറങ്ങി സ്പീക്കറുടെ ഡയസിന് സമീപം വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: ചെയർ ഈ പ്രശ്നത്തെ സംബന്ധിച്ച് രണ്ട് ഭാഗത്തെയും നേതാക്കന്മാരുമായി സംസാരിച്ചു. അടിയന്തരപ്രമേയത്തിന് നോട്ടീസ് തന്നു. രണ്ട് മന്ത്രിമാർ മറുപടി പറഞ്ഞു. ഇതിനെ സംബന്ധിച്ച് ആധികാരികമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെയാണ് സംസാരിക്കേണ്ടത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം. .........(ബഹളം)....... വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതിനെ സംബന്ധിച്ച് മറുപടി പറയും. ....(ബഹളം).....

ശ്രീ. സി. ദിവാകരൻ: സർ, ഇന്ന തീയതിക്കുമുമ്പ് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുമെന്ന കാര്യത്തിൽ ഗവൺമെന്റിന് ഉറച്ച തീരുമാനമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. സഭ നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഇക്കാര്യം ആവശ്യപ്പെടുന്നത്.

വ്യാവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞുകഴിഞ്ഞതിനുശേഷം ആവശ്യമെങ്കിൽ മുഖ്യമന്ത്രി ഇന്റർഫിയർ ചെയ്യുമല്ലോ. വിദ്യാഭ്യാസ വകുപ്പുമന്ത്രി

പറയുന്നത് കേൾക്കണ്ടായെന്ന് പറയാൻ കഴിയുമോ? വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ സ്പീക്കർ വിളിച്ചിരിക്കുകയല്ലേ.

മി. സ്പീക്കർ: ബഹുമാന്യനായ അംഗങ്ങൾ ഒരു കാര്യം ശ്രദ്ധിക്കണം. ചെയർ ഇരുവിഭാഗങ്ങളുമായി സംസാരിച്ചതിനുശേഷമാണ് പറയുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും. .... (ബഹളം)..... ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഇതിനെ സംബന്ധിച്ച് സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഇതുസംബന്ധിച്ച് രണ്ട് ഭാഗത്തുനിന്നുമുള്ള പ്രധാനപ്പെട്ട ആളുകളുമായി ബഹുമാനപ്പെട്ട സ്പീക്കർ സംസാരിച്ചുവെന്ന് പറഞ്ഞതിനുശേഷം അദ്ദേഹംതന്നെ ഇങ്ങനെയൊരു റൂൾ പറഞ്ഞത് വളരെ കഷ്ടമായിപ്പോയി. എന്താണ് ഞങ്ങൾ മുന്നോട്ടുവച്ച ഡിമാന്റെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിച്ചിട്ടുണ്ടോ; അല്ലെങ്കിൽ അവരുടെ പ്രതിനിധികളുമായി സംസാരിച്ചിട്ടുണ്ടോ? സഭാനടത്തിപ്പ് എന്നുപറയുന്നത് സ്പീക്കറെയോ മുഖ്യമന്ത്രിയെയോ മാത്രം ആശ്രയിച്ചിട്ടുള്ളതല്ല. ഭരണപ്രതിക്ഷാംഗങ്ങളെല്ലാംകൂടി ചേരുമ്പോഴാണ് സഭാ നടത്തിപ്പ് വരുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. രണ്ട് മന്ത്രിമാർ മറുപടി പറഞ്ഞിട്ടും അവർക്ക്

ആലോചിച്ച് വ്യക്തമായൊരു തീരുമാനം പറയാൻ കഴിഞ്ഞിട്ടില്ല. 50 ലക്ഷത്തോളം വരുന്ന കുടുംബങ്ങളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമായതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുംകൂടി ആലോചിച്ചതിനുശേഷം പുസ്തകങ്ങൾ കൃത്യമായി എന്ന് കൊടുക്കാൻ കഴിയുമെന്ന് പറയണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതിനുള്ള മറുപടി അദ്ദേഹത്തിന് ഈ സഭയിൽ പറഞ്ഞൂകൂടേ; അതാണ് ഞങ്ങൾ ചോദിച്ചത്. അതിനാണ് മറുപടി കിട്ടേണ്ടത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, എല്ലാ നേതാക്കന്മാരുമായും ചെയർ സംസാരിച്ചുകഴിഞ്ഞു. ഇവിടെ വന്നിരിക്കുന്ന അടിയന്തരപ്രമേയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ സംസാരിക്കും. ....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കാണ് നിങ്ങൾ അടിയന്തര പ്രമേയത്തിനുള്ള നോട്ടീസ് കൊടുത്തത്. അദ്ദേഹം ഇവിടെ മറുപടി പറയും. അതിനുശേഷം എന്തെങ്കിലും മുഖ്യമന്ത്രി മറുപടി പറയണമെന്നുണ്ടെങ്കിൽ അപ്പോൾ ഞാൻ പറയാം. അതല്ലേ ഇവിടത്തെ നടപടിക്രമം. ....(ബഹളം)..... നിങ്ങൾ നോട്ടീസ് നൽകിയത് വിദ്യാഭ്യാസ

വകുപ്പുമന്ത്രിക്കാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞതിനുശേഷം എന്തെങ്കിലുമുണ്ടെങ്കിൽ നിങ്ങൾക്ക് എന്നോട് ചോദിക്കാം. ....(ബഹളം).....

മി. സ്പീക്കർ: ഇതിനെ സംബന്ധിച്ച് ഇനി ചർച്ചയില്ല.

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തര പ്രമേയത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞു. ഇനി മുഖ്യമന്ത്രിയുടെ മറുപടിയാണ് അറിയേണ്ടത്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റ് വിട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളംവയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.